# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 421 12.7.2007-ലെ മറുപടിക്ക്

## പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**

ശ്രീ. കെ.ടി. ജലീൽ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.വി.കുഞ്ഞിരാമൻ
ശ്രീ.ടി.പി.കുഞ്ഞുണ്ണി

**മറുപടി**

ശ്രീ. എ.കെ. ബാലൻ
(പിന്നാക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ 15 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2 എണ്ണം സ്വകാര്യ വാടക കെട്ടിടത്തിലാണ് (കോട്ടയത്തെ നാട്ടകം, തിരുവനന്തപുരത്തെ വലിയശാല) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. ഇത് മൂന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ( പാലക്കാട്, തിരുവനന്തപുരം, കോഴിക്കോട്) |
| ബി) | പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനും സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഹോസ്റ്റലുകളുടെ നവീകരണത്തിനും സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 2003 മുതൽ 2007 വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം-2 ആയി ചേർക്കുന്നു. ഈ കാലയളവിൽ മൊത്തം 4,27,55,712/- രൂപ ചെലവഴിച്ചു. (2006-07 - 171.71 ലക്ഷം) 2006-07 ൽ പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ഫർണിച്ചർ, ലൈബ്രറി, ടി.വി., കമ്പ്യൂട്ടർ, പാത്രങ്ങൾ എന്നിവക്ക് 4.07 ലക്ഷം രൂപ ചെലവഴിച്ചു. |
| സി) | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ രണ്ടും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മൂന്നും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ നാട്ടകം പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടം പണി അന്തിമ ഘട്ടത്തി |

| | | | |
|---|---|---|---|
| | | | ലാണ്. വലിയശാല പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് കണ്ണമ്മൂലയിൽ കെട്ടിടം പണിയുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തുവരുന്നു. മറ്റുള്ളവയ്ക്കായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | | (ഡി) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ പ്രതിമാസ മെസ്സ് ചാർജ്ജ് 700 രൂപയിൽ നിന്നും 900 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഓണം / ക്രിസ്തുമസ് അവധികാലങ്ങളിൽ ഹോസ്റ്റൽ മെസ്സ് ഇല്ലാതിരിക്കുന്ന കാലത്ത് പ്രതിമാസ മെസ്സ് ചാർജ്ജിന് ആനുപാതികമായി പരമാവധി 12 ദിവസം ദിനബത്ത 30 രൂപ വെച്ച് *നൽകുന്നുണ്ട് ഈ ആനുകൂല്യം 2006-07 മുതൽ പട്ടികവർഗ്ഗ വിഭാഗത്തിനു കൂടി ബാധകമാക്കി.* മെഡിക്കൽ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് പ്രതിമാസം 80 രൂപയും, മറ്റു കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 65 രൂപയും പോക്കറ്റ് മണി നിലവിൽ നൽകിവരുന്നു. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| *(ഇ)* | *പോസ്റ്റ്മെട്രിക് ഹോസ്റ്റലുക ളിൽ മൊത്തം എത്ര കുട്ടികൾക്ക്* പ്രവേശനം നൽകിയിട്ടുണ്ട്; പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | | *(ഇ) പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ 4.7.07 വരെ 626 കുട്ടികൾക്ക്* പ്രവേശനം നൽകിയിട്ടുണ്ട് ആകെ 1110 കുട്ടികൾക്ക് പ്രവേശനം നൽകാൻ സാധിക്കും. ഡിഗ്രി / പി.ജി / പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുന്ന മുറയ്ക്ക് ഹോസ്റ്റലുകളിലെ പ്രവേശന നടപടികൾ പൂർത്തിയാകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 3 പോസ്റ്റ്മെ *ട്രിക് ഹോസ്റ്റലുകളിലായി നിലവിൽ 87 കുട്ടികളുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലി* ല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 15 പട്ടികജാതി ഹോസ്റ്റലുകളിൽ 5 എണ്ണം പെൺകുട്ടികളുടേതും 3 പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ 1 പെൺകുട്ടികളുടേതുമാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം-I

| പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ | | | | |
|---|---|---|---|---|
| നം. | ഹോസ്റ്റലിന്റെ പേര് | ആൺ/ പെൺ | ജില്ല | |
| 1 | വെള്ളയമ്പലം -I | ആൺ | തിരുവനന്തപുരം | |
| 2 | വെള്ളയമ്പലം -II | ആൺ | ,, | |
| 3 | വലിയശാല | ആൺ | ,, (വാടകക്കെട്ടിടത്തിൽ) | |
| 4 | പൂച്ചെടിവിള | പെൺ | ,, | |
| 5. | അമൃതകുളം | പെൺ | കൊല്ലം | |
| 6. | അമൃതകുളം | ആൺ | ,, | |
| 7. | നാട്ടകം | പെൺ | കോട്ടയം (വാടകക്കെട്ടിടത്തിൽ) (കെട്ടിടം പണി പൂർത്തിയായി) | |
| 8 | ചങ്ങനാശ്ശേരി | ആൺ | കോട്ടയം | |
| 9 | കണയന്നൂർ | ആൺ | എറണാകുളം | |
| 10. | കണയന്നൂർ | പെൺ | ,, | |
| 11 | പാലക്കാട് | ആൺ | പാലക്കാട് | |
| 12. | തിരുത്തിക്കാട് | ആൺ | കോഴിക്കോട് | |
| 13 | ഈസ്റ്റ് ഹിൽ | പെൺ | ,, | |
| 14 | കണ്ണൂർ | ആൺ | കണ്ണൂർ | |
| 15 | വിദ്യാനഗർ | ആൺ | കാസർഗോഡ് | |
| | പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | | | |
| 1 | ആറ്റുകാൽ | ആൺ | തിരുവനന്തപുരം | ( സ്വകാര്യകെട്ടിടത്തിൽ) സ്ഥലം കിട്ടിയിട്ടില്ല |
| 2 | മെഡിക്കൽകോളേജിനു സമീപം | ആൺ | കോഴിക്കോട് | |
| 3 | നൂറണി | പെൺ | പാലക്കാട് | |

Vijayalakshmi P

## അനുബന്ധം - II

| ജില്ല | | പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ പേര് | ശീർഷകം & തുക 2003-07 |
|---|---|---|---|
| തിരുവനന്തപുരം | 1 | തിരുവനന്തപുരം പൂച്ചെട്ടിവിള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (മൂന്നുനില) പുതിയ ബ്ലോക്ക് നിർമ്മാണം. നിലവിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണവും. പണിപൂർത്തിയാക്കാറായി. | 4225 - 01 - 277 - 94 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) 1,06,05,000/-State Plan-ൽ നിന്നും ചെലവ് ചെയ്തു |
| | 2 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ സീലിംഗ്, ചുവർ പ്ലാസ്റ്ററിംഗ്,മാർബിൾ പാവുകകല്ലുകളും ജനലുകളും റിപ്പയർ ചെയ്യുക. (പി.ഡബ്ല്യു.ഡി ഡെപ്പോസിറ്റ് വർക്ക് കിട്ടുന്നു) | 4225 -01-277-94- പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) 35,50,000/- |
| | 3 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നമ്പർ 1-ൽ ഫർണീച്ചർ ജയിൽ മാനുഫാക്ചറിയിൽ നിന്നും വാങ്ങുന്നതിന് | 2225-01-277-93- PMH Plan 10,00,000/- |
| | 4 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നമ്പർ 2-ൽ ഫർണീച്ചർ ജയിൽ മാനുഫാക്ചറിയിൽ നിന്നും വാങ്ങുന്നതിന് | 2225-01-277-93- PMH Plan 10,00,000/- |
| | 5 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നമ്പർ 1-ലും 2-ലും അത്യാവശ്യ പ്ലംബിംഗ് ജോലികൾ ചെയ്യുന്നതിന് | 2225-01-277-93- PMH Plan 1,00,113/- |
| | 6 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നമ്പർ 2-ലെ ടോയ്ലറ്റുകളിലെ ബേസിനുകളും, വറ്റ് ടാപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് | 2225-01-277-93- PMH Plan 20,300/- |
| | 7 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ബെഡ്, തലയണ എന്നിവ വാങ്ങുന്നതിന് | 2225-01-277-93- PMH Plan 4,17,924/- |
| | 8 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 2-ൽ പ്ലാസ്റ്റിക് കസേരകൾ, ടേബിൾ ക്ലോത്ത്, ബെഡ്ഷീറ്റ്, പില്ലോകവർ എന്നിവ വാങ്ങുന്നതിന് | 2225-01-277-93- Plan 1,02,825/- |
| | 9 | വെള്ളയമ്പലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നമ്പർ 1-ൽ പ്ലാസ്റ്റിക് കസേരകൾ, ടേബിൾ ക്ലോത്ത്, ബെഡ്ഷീറ്റ്, പില്ലോകവർ എന്നിവ വാങ്ങുന്നതിന് | 2225-01-277-93- Plan 96,835/- |

| | | | |
|---|---|---|---|
| | 10 | വെള്ളയമ്പലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ലൈബ്രറിയുടെ നവീകരണത്തിനായി | 2225-01-277-93 – PMH Plan<br>**95,743/-** |
| | 11 | വെള്ളയമ്പലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 1 & 2 കയർ മാറ്റ് വാങ്ങിയതിന് | 2225-01-277-93 – PMH Plan<br>**59,044/-** |
| | 12 | വെള്ളയമ്പലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 1 & 2 , 6 കമ്പ്യൂട്ടർ മേശകളും 10 കസേരകും വാങ്ങുന്നതിന് | 2225-01-277-93 – PMH Plan<br>**44,123/-** |
| | 13 | 13 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 25 കമ്പ്യൂട്ടറുകളും ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ, 600VA യു.പി.എസ്. ഇവ വിതരണം ചെയ്തതിന് **(വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് ഹോസ്റ്റലുകളിൽ സ്ഥല പരിമിതി മൂലം കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടില്ല)** | 2225-01-277-93-34<br>PMH (Plan)<br>**7,46,250/-** |
| | 14 | പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിച്ചതിന് | 2225-01-277-93 – PMH Plan<br>**14,360/-** |
| | 15 | പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ മിക്സർ ഗ്രൈൻഡർ, ഗ്രൈൻഡർ എന്നിവയും ബെഡ് ഷീറ്റ്, തലയണ, തലയണ കവർ എന്നിവ വാങ്ങുന്നതിന് | 2225-01-277-93 – PMH Plan<br>**83,785/-** |
| | 16 | പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ 150 ബെഡ്, തലയണ എന്നിവ വാങ്ങുന്നതിന് | 2225-01-277-93 – PMH Plan<br>**2,28,284/-** |
| | 17 | പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഫർണിച്ചർ വാങ്ങുന്നതിന് | 2225-01-277-93 – PMH Plan<br>**4,57,040/-** |

| | | | |
|---|---|---|---|
| | 18 | വലിയശാല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ബെഡ് വാങ്ങുന്നതിന് | 2225-01-277-93 – 34 PMH Plan<br><br>**28,103/-** |
| | 19 | വലിയശാല പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് | 2225-01-277-93 – 34- PMH Plan<br><br>**1,06,010/-** |
| | 20 | വെള്ളയമ്പലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നമ്പർ 1 (ആൺ) പുതിയ 10 ലിറ്റർ ഗ്രൈൻഡർ വാങ്ങുന്നതിന് | 2225-01-277-93 – PMH Plan<br><br>**17,800/-** |
| | 21 | പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (പെൺ) ഡ്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തുന്നതിന്. | 2225-01-277-93 – PMH Plan<br><br>**2,10,432/-** |
| കൊല്ലം | 22 | അമൃതകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ഫിൽറ്റർ പോയിന്റ് സ്ഥാപിക്കുന്നതിന് | 2225-01-277-93 – 34 PMH Plan<br><br>**8,725/-** |
| | 23 | കൊല്ലം പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിന് | 2225-01-277-70 – Improving facilities in SC Hostel (Plan)<br><br>**2,38,260/-** |
| കോട്ടയം | 24 | ചങ്ങനാശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം | 2225-01-277-93 – 34 PMH Plan<br><br>**16,850/-** |
| | 25 | ചങ്ങനാശ്ശേരി പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (ആൺ) തറയുടെ മിനുക്കുപണികളും, ടോയ്‌ലറ്റുകളിൽ ടൈൽ പാകുന്നതിനും | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**3,20,000/-** |
| എറണാകുളം | 26 | എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ (ആൺ) ഇടനാഴിയിൽ മാർബിൾ ഇടുക. ചോർച്ച തടയുന്നതിന് അലുമിനിയം ഷീറ്റ് കൊണ്ട് മേൽക്കൂര ഇടുക. | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**12,25,000/-** |
| | 27 | എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (ആൺ) പുതിയ ബ്ലോക്ക് നിർമ്മാണം (മൂന്നുനില). | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**90,00,000/-** |

| | | | |
|---|---|---|---|
| | 28 | എറണാകുളം പോസ്റ്റ്മെട്രിക ഹോസ്റ്റലിന്റെ (പെൺ) മുറികളിലൊഴികെ മറ്റെല്ലായിടത്തും, മാർബിൾ പാവുക, അടുക്കളയിൽ ഗ്രാനൈറ്റ് സ്ലാബിടുക. | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**13,75;000/-** |
| | 29 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) ആവശ്യമായ അടുക്കള ഉപകരണങ്ങൾ വാങ്ങുന്നതിന് | 2225-01-277-93 PMH Plan<br><br>**76,411/-** |
| | 30 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) എറണാകുളം ആവശ്യമായ പാത്രങ്ങളും മറ്റ് സാധനങ്ങളും വാങ്ങുന്നതിന് | 2225-01-277-93 PMH Plan<br><br>**42,667/-** |
| | 31 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) കിർലോസ്കർ പമ്പും സ്റ്റാർട്ടറും വാങ്ങുന്നതിന് | 2225-01-277-93 PMH Plan<br><br>**12,450/-** |
| | 32 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) കിടക്ക, ബെഡ്ഷീറ്റ് വാങ്ങുന്നതിന് | 2225-01-277-93 PMH Plan<br><br>**21;020/-** |
| | 33 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, എറണാകുളം (പെൺ) ജനലുകളിൽ കൊതുകുവല അടിക്കുന്നതിനും, മുറികളിൽ ടൈൽസ് പാകുന്നതിനും | 2225-01-277-70 Improving facilities in SC hostels (Plan)<br><br>**7,00,000/-** |
| | 34 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, എറണാകുളം (ആൺ) ജനലുകളിൽ കൊതുകുവല അടിക്കുന്നതിന് | 2225-01-277-70 Improving facilities in SC hostels (Plan)<br><br>**1,02,000/-** |
| **പാലക്കാട്** | 35 | പാലക്കാട് പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (ആൺ) അഡീഷണൽ ബ്ലോക്ക് പണിയുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**35,00,000** |
| **കോഴിക്കോട്** | 36 | കോഴിക്കോട് പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ (ആൺ) നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപണി. | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan)<br><br>**13,75,000/-** |

| | | | |
|---|---|---|---|
| | 37 | കോഴിക്കോട് പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (പെൺ) അടുക്കള പുതുക്കിപണിയൽ, മാർബിൾ പാകൽ, ഡൈനിംഗ് ഹാൾ പണിയുക, മേൽക്കൂരയുടെ അറ്റകുറ്റപണി | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) **8,88,000/-** |
| | 38 | കോഴിക്കോട് പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (ആൺ) ഇലക്ട്രിഫിക്കേഷൻ റിപ്പയറിംഗ് | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) **2,92,340/-** |
| | 39 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോഴിക്കോട് (ആൺ) നിലവിലുള്ള കെട്ടിടം അറ്റകുറ്റപ്പണിയും ഇലക്ട്രിഫിക്കേഷൻ അറ്റകുറ്റപ്പണിയും | 2225-01-277-70 Improving facilities in SC hostels (Plan) **2,92,340/-** |
| കണ്ണൂർ | 40 | കണ്ണൂർ പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ (ആൺ) മേൽക്കൂര, തറയുടെ അറ്റകുറ്റപ്പണി, റിപ്പയറിംഗ് | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) **1,59,900/-** |
| കാസർഗോഡ് | 41 | കാസർഗോഡ് പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ ചുറ്റുമതിൽ പുനഃനിർമ്മാണം, തറയിൽ ടൈൽസ് ഇടുന്നതിനും. | 4225-01-277-94 – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം (Plan) **5,05,000/-** |
| | 42 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കാസർഗോഡ് (ആൺ) അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് | 2225-01-277-93 PMH Plan **1,85,850/-** |
| | 43 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കാസർഗോഡ് നിലവിലുള്ള കെട്ടിടം അറ്റകുറ്റപ്പണി | 2225-01-277-70 – Improving facilities in SC Hostels. (Plan) **19,90,000/-** |

**പന്ത്രണ്ടാം കേരള നിയമസഭ**

**<u>അഞ്ചാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 422 — 12.07.07ൽ മറുപടിയ്ക്ക്

## വന്യമൃഗങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

- വനവും വന്യജീവി സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ നിലവിലുള്ള 5 ദേശീയോദ്യാനങ്ങൾ, 2 പക്ഷി സങ്കേതങ്ങൾ, 11 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയ്ക്ക് പുറമെ മൂന്നാർ മേഖലയിലുള്ള നീലക്കുറിഞ്ഞിയുൾപ്പെടെയുള്ള ജൈവ വൈവിധ്യ സംരക്ഷണത്തിനായി ഒരു കുറിഞ്ഞിമല സാങ്ച്വറിയും, മയിലുകളുടെ സംരക്ഷണത്തിനായി ചൂലന്നൂർ കേന്ദ്രമാക്കി ഒരു മയിൽ സംരക്ഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള സൈലന്റ്‌വാലി ദേശീയോദ്യാനത്തിന് ഒരു ബഫർസോണും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.
- വരയാടുകളുടെ സംരക്ഷണത്തിനു ഊന്നൽ നൽകിക്കൊണ്ട് മൂന്നാർ കേന്ദ്രമാക്കി ഇരവികുളം ദേശീയോദ്യാനം രൂപീകരിച്ചു സംരക്ഷിച്ചു വരുന്നു.
- കടുവകളുടെ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പെരിയാർ കടുവാ സങ്കേതം രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ രണ്ടാമതൊരു കടുവാ സങ്കേതം പറമ്പിക്കുളം കേന്ദ്രമാക്കി രൂപീകരിക്കാൻ കേന്ദ്രഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.
- ആനകളുടെ സംരക്ഷണത്തിനുവേണ്ടി 4 എലിഫന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തി വരുന്നു.
- ആനകളുടെ സ്വൈരമായ വിഹാരത്തിനു വേണ്ടി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുത്ത് വനത്തോട് ചേർത്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.
- വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും, ജലസ്രോതസ്സുകൾ സംരക്ഷിച്ചും, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു. കൂടാതെ ഈട്ടി, മുള ഫല വൃക്ഷങ്ങൾ മുതലായവ വച്ചു പിടിപ്പിച്ച് ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

- കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ചു അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.
- മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും, ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.
- വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാന വനം മന്ത്രിമാരുടെ യോഗം വിളിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.
- അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും, വൈൽഡ്ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.
- വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതിപഠന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പു വരുത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | മൃഗവേട്ടയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | 135 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വന്യമൃഗങ്ങളുടെ സെൻസസ് എടുക്കാറുണ്ടോ ; എങ്കിൽ വംശനാശം നേരിടുന്ന മൃഗങ്ങൾ ഏതെല്ലാമാണ് ; | (സി) | ഉണ്ട്. കേരള വനങ്ങളിൽ വംശനാശ ഭീഷണ നേരിടുന്ന മൃഗങ്ങൾ കടുവ, ആന, വരയാട്, സിംഹവാലൻ കുരങ്ങ്, കൂരമാൻ, കരിങ്കുരങ്ങ്, കരടി, കാട്ടുപോത്ത്, മലയണ്ണാൻ, വെരുക്, മരനായ എന്നിവയാണ്. ഇവയെ കൂടാതെ സെൻസസിലുൾപ്പെടാത്തതും, കേരളത്തിലെ വനങ്ങളിൽ വംശനാശ ഭീഷണി നേരിടുന്നതുമായ മറ്റു മൃഗങ്ങൾ താഴെ പറയുന്നവയാണ്. പുലി, ചാമ്പൽ മലയണ്ണാൻ, കട്ടിത്തേവാങ്ക്, അളുങ്ക്, പുലിപ്പൂച്ച, കുറുക്കൻ, കുറുനരി, കാട്ടുപൂച്ച, നീർനായ, കീരി, പാറാൻ, മീൻപിടിയൻ പൂച്ച എന്നിവയാണ്. ഇതിൽ പക്ഷികൾ, ഉരഗങ്ങൾ, ഉഭയജീവികൾ, മത്സ്യങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല. |
| (ഡി) | വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ഡി) | വന്യജീവികൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിനായി താഴെപ്പറയുന്ന പരിഹാര നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

1. കാട്ടുമൃഗങ്ങളെ അകറ്റി നിർത്താനുപകരിക്കുന്ന കിടങ്ങുകളും, വൈദ്യുതി കമ്പിവേലിയും, മതിലും നിർമ്മിക്കുന്നു.

2. സാദ്ധ്യമായ അവസരങ്ങളിൽ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങി വരുന്ന മൃഗങ്ങളെ ജനപങ്കാളിത്തത്തോടെ തിരിച്ചോടിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

3. കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവദിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

4. ജലലഭ്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഉൾവനങ്ങളിൽ തടയണകളും. കുളങ്ങളും നിർമ്മിക്കുന്നു.

5. ഉൾവനങ്ങളിലുള്ള നിയമവിരുദ്ധപ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവു കൃഷിയും, കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നു.

6. കാട്ടിൽ ഉലട്ടിപ്പന, മുള എന്നിവ നട്ടുവളർത്തി ആനയ്ക്കുള്ള തീറ്റയുടെ ലഭ്യത വർദ്ധിപ്പിച്ചു വരുന്നു.

7. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് കൃഷിയിടങ്ങളിലേയ്ക്കുള്ള സഞ്ചാരം പരിമിതപ്പെടുത്തുന്നതിനായി ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 423 — 12.07.07ൽ മറുപടിയ്ക്ക്

### പറമ്പിക്കുളത്തെ നിർദ്ദിഷ്ട ടൈഗർ റിസർവ്വ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | പറമ്പിക്കുളത്തെ നിർദ്ദിഷ്ട ടൈഗർ റിസർവ്വ് പ്രദേശം സംബന്ധിച്ചുള്ള പ്രഖ്യാപനം വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 2006 ലെ ഇന്ത്യൻ വന്യജീവി സംരക്ഷണ ഭേദഗതി നിയമ പ്രകാരം നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി യുടെ ശുപാർശയോടെ സംസ്ഥാന സർക്കാരാണ് ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. ഈ നിയമപ്രകാരം കടുവാ സംരക്ഷണ കേന്ദ്രത്തിന് കോർ സോണിനു പുറമേ ഒരു ബഫർസോൺ കൂടി രൂപീകരിക്കേ ണ്ടതുണ്ട്. നേരത്തെ സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ ബഫർ സോൺ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രൊപ്പോസലിനു മാറ്റം വേണമെന്ന് കണ്ടതിനാൽ പറമ്പിക്കുളം വന്യജീവി സങ്കേതത്തിനോടു ചേർന്നുള്ള വന പ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു പുതിയ സംരക്ഷണ കേന്ദ്രത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രൊപ്പോസലിന് സംസ്ഥാന വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർ പ്പിക്കുന്നതും, ശുപാർശ ലഭിച്ചാലുടൻ വിജ്ഞാപനം പുറ പ്പെടുവിക്കുന്നതുമാണ്. |
| (ബി) | ഈ വനമേഖല യിൽ പാട്ടക്കാലാ വധി അവസാനിച്ച എത്ര എസ്റ്റേറ്റുകൾ നിലവിലുണ്ട് ; | (ബി) | ഒരു എസ്റ്റേറ്റ് |
| (സി) | ഇവ സർക്കാർ ഏറ്റെടുക്കുന്ന തിന് നടപടി സ്വീക രിക്കുമോ ; | (സി) | ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പാട്ടക്കാലാവധി കഴിഞ്ഞ തൂത്ത പാറ എസ്റ്റേറ്റിൽ എത്ര ഹെക്ടർ സ്ഥലമുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | 351.36 ഹെക്ടർ. |
| (ഇ) | ഈ സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടോ ; | (ഇ) | ഉണ്ട് |
| (എഫ്) | ഈ വനഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (എഫ്) | 30.6.07 ൽ പാട്ടക്കാലാവധി തീർന്ന തൂത്തമ്പാറ എസ്റ്റേറ്റ് തിരിച്ചെടുക്കുവാൻ 19.5.07 ന് ഇസ്റ്റേൺ സർക്കിൾ കൺസർവേറ്റർ, എസ്റ്റേറ്റ് ഉടമകൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇതിനെതിരെ എസ്റ്റേറ്റിന്റെ ഇപ്പോഴത്തെ കൈവശക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഇടക്കാല ഉത്തരവ് ഉണ്ടായിട്ടുണ്ട്. കൈവശക്കാരായ കമ്പനി സമർപ്പിച്ച അപേക്ഷ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424 — 12.7.2007 ൽ മറുപടിക്ക്

കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അനുഭവപ്പെടുന്ന ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അനുഭവപ്പെടുന്ന ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അനുഭവപ്പെടുന്ന ക്ഷാമം മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സിമന്റ്, മണൽ, കമ്പി, കരിങ്കല്ല് തുടങ്ങിയവയുടെ ക്ഷാമവും വിലക്കയറ്റവും നിർമ്മാണ മേഖലയെ സ്തംഭിപ്പിച്ചിരിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇക്കാരണത്താൽ നിർമ്മാണ മേഖല സ്തംഭിച്ചതായി കരുതുന്നില്ല. |
| (സി) എങ്കിൽ നിയന്ത്രിത വിലയ്ക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ്, മണൽ, കമ്പി, കരിങ്കല്ല് തുടങ്ങിയവ നിയന്ത്രണ വസ്തുക്കളല്ല. ആയതിനാൽ നിയന്ത്രിത വിലയ്ക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല. |
| (ഡി) ഈ സാമഗ്രികൾക്ക് കൃത്രിമ ക്ഷാമം ഉണ്ടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) കൃത്രിമ ക്ഷാമം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

12/7/2007 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 425

### ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി പി അയിഷാ പോറ്റി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ഡോ.ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| എ) ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | എ) ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു |

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള 4 ഭാഗ്യക്കുറികൾക്കു പുറമേ **ഹരിത, ഭാഗ്യധാര** എന്നീ പേരുകളിൽ രണ്ടു പ്രതിവാര ഭാഗ്യക്കുറികളും ഒരു പ്രതിമാസ ഭാഗ്യക്കുറിയും ആരംഭിക്കുന്നു. കൂടാതെ നിലവിലുള്ള 6 ബംപർ ഭാഗ്യക്കുറികളെ പ്രത്യേക ഉദ്ദേശലക്ഷ്യത്തോടുകൂടിയുള്ള ഭാഗ്യക്കുറികളാക്കി മാറ്റിയിട്ടുണ്ട്. നിലവിലുള്ള സൗഭാഗ്യ ചൈതന്യ ഭാഗ്യക്കുറികളുടെ സമ്മാനഘടന കൂടുതൽ ആകർഷമാക്കി പരിഷ്കരിച്ചിട്ടുണ്ട്.

ടിക്കറ്റ് രൂപകൽപ്പനയിൽ പരിഷ്കാരങ്ങൾ നടത്തിവരികയാണ്.

സംസ്ഥാന ഭാഗ്യക്കുറിയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ മാർക്കറ്റിംഗ് വിഭാഗം രൂപീകരിച്ചു പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി.

ഏജന്റുമാർക്കു ടിക്കറ്റുകൾ കടമായി നൽകുന്നതിനും ടിക്കറ്റ് വില ഡി.ഡി.ആയി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി. ഓഫീസ് പ്രവർത്തനങ്ങളിലും മാർക്കറ്റിംഗിലും ജീവനക്കാർക്ക് പരിശീലനം നൽകു

ന്നതാണ്.

ഭാഗ്യക്കുറി വില്പന വരവിന്റെ 3% വരുന്ന തുക പരസ്യ പ്രചാരണത്തിനു ഉപയോഗിക്കുന്നതാണ്. ഇതിലേയ്ക്കായി ഒരു സർവ്വീസ് പ്രൊവൈഡറിനെ നിയമിക്കുന്നതാണ്.

നിലവിലുള്ള ഭാഗ്യക്കുറി വകുപ്പിന്റെ വെബ്സൈറ്റ് വിപുലീകരിക്കുന്നതിനു സി.ഡിറ്റു മായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

കംപ്യൂട്ടർ വൽക്കരണത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനം കെൽട്രോണിന്റെ സഹകരണത്തോടെ പുരോഗമിച്ചു വരുന്നു. ഇൻറ്റേണൽ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.
ഭാഗ്യക്കുറികളുടെ സമ്മാനത്തുകയും ഏജൻസി കമ്മീഷനും സുഗമമായി വിതരണം ചെയ്യുന്നതിന് ഭാഗ്യക്കുറി വകുപ്പ് ഉദ്യോഗസ്ഥർക്കു കൂടുതൽ അധികാരം നൽകിയിട്ടുണ്ട്.

നിലവിലുള്ള ലോട്ടറി ഏജൻറുമാരുടെ ക്ഷേമ നിധി പുന: സംഘടിപ്പിച്ചു ഏജൻറുമാരുടെയും വില്പനക്കാരുടെയും ക്ഷേമ പദ്ധതിയായി വിപുലീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

നറുക്കെടുപ്പു രീതി പരിഷ്ക്കരിക്കുവാനും നറുക്കെടുപ്പുകൾ തൽസമയം ദൃശ്യമാദ്ധ്യമങ്ങളിൽ സംപ്രേക്ഷണം ചെയ്യുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

ഏജൻസി രജിസ്ട്രേഷൻ ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും ഏജൻസി പുതുക്കൽ ഫീസ് 100 രൂപയിൽ നിന്നും 50 രൂപയായും കുറച്ചു. താൽക്കാലിക ഏജൻസിക്കുള്ള ഫീസ് 50 രൂപയായി നിജപ്പെടുത്തി.

| | | | |
|---|---|---|---|
| ബി | സാന്ത്വനം, സ്പോർട്ട്സ് ലോട്ടറി എന്നിവ നടപ്പിലാക്കിയത് ഭാഗ്യക്കുറി വകുപ്പു നടത്തുന്ന സ്ഥിരം ലോട്ടറികളുടെ വില്പനയെ എപ്രകാരം ബാധിച്ചുവെന്ന് അറിയിക്കുമോ; | ബി) | മറ്റു ഭാഗ്യക്കുറികളുടെ വില്പനയെ ബാധിച്ചിട്ടില്ല |
| സി | കേരള സംസ്ഥാന ഭാഗ്യക്കുറിയെ ആശ്രയിച്ച് എത്ര പേർ ഉപജീവനം നടത്തുന്നുണ്ട്; | സി) | ഏകദേശം 2 ലക്ഷത്തോളം പേർ ഭാഗ്യക്കുറിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു. |
| ഡി | ഇവർ എല്ലാം പേരെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; | ഡി) യും ഇ) യും | നിലവിലുള്ള ലോട്ടറി ഏജൻറ്സ് വെൽഫെയർ ഫണ്ട് വില്പനക്കാരെ കൂടി ഉൾപ്പെടുത്തി ലോട്ടറി ഏജൻറസ് ആൻറ് സെല്ലേഴ്സ് സ്കീമായി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട് സംസ്ഥാന ലോട്ടറിയുടെ വിറ്റു വരവിന്റെ ഒരു ശതമാനം ഈ ഫണ്ടിലേക്ക് സർക്കാർ നൽകുന്നതാണ്. |
| ഇ | ക്ഷേമ നിധി മുഖേനയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:426 — 12-07-2007-ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ കുഞ്ഞിരാമൻ:<br>ശ്രീ.സാജു പോൾ:<br>ശ്രീ.പി ജയരാജൻ:<br>ശ്രീ.വി ശിവൻകുട്ടി:<br>ശ്രീ ജോർജ് എം.തോമസ്: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; | (എ) ആർ.ഡി.ഒ. മാർ ഭൂമിയുടെ കരട് ന്യായവില നിശ്ചയിച്ച് വിവരം സി.ഡി. കളിലാക്കി സമർപ്പിച്ചുവരുന്നു. എല്ലാ ആർ.ഡി.ഒ മാരിൽ നിന്നും സി.ഡി. ലഭ്യമായാലുടനെ കരട് ന്യായവില ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. കരട് ന്യായവില പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം ടി ന്യായവിലയിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആർ.ഡി.ഒ മാർ പരിശോധിച്ച ശേഷം അന്തിമമായി ന്യായവില നിർണ്ണയിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) ന്യായവില നിർണ്ണയം പൂർത്തിയാകുന്നതോടെ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) ഭൂമിയ്ക്ക് ന്യായവില നടപ്പിലാക്കിയതിന് ശേഷം സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്ന കാര്യം പരിഗണിക്കും. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 427 — 12.07.07-ൽ മറുപടിയ്ക്ക്

### ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എ) | ഉണ്ട്. ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വനവികാസ ഏജൻസികളിലൂടെയാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത്. വന വികാസ ഏജൻസികളുടെ യോഗങ്ങൾ ഇക്കോടൂറിസം പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ 15.3.07 ൽ ചീഫ് കൺസർവേറ്ററും 19.6.07 ൽ ടൂറിസം വകുപ്പ് സെക്രട്ടറിയും, ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച പദ്ധതികളുടെ പ്രവർത്തനം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും ഇക്കോ ടൂറിസം ഡയറക്ടറുടെയും സാന്നിദ്ധ്യത്തിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ വച്ച് വിലയിരുത്തിയിട്ടുമുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിച്ചു ; | (ബി) | വിനോദ സഞ്ചാര വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 23 ഇക്കോ ടൂറിസം പദ്ധതികളും വനം വകുപ്പ് നേരിട്ട് നടത്തുന്ന 2 ഇക്കോ ടൂറിസം പദ്ധതികളും ഉൾപ്പെടെ 25 പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിമൂലം എത്ര പേർക്ക് തൊഴിൽ ലഭിച്ചു ; | (സി) | മേല്പറഞ്ഞ ഇക്കോ ടൂറിസം പദ്ധതികൾമൂലം ഇതു വരെ 94 പേർക്ക് നേരിട്ട് തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനത്തിന് ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മിറ്റിയുടെ ഘടന വെളിപ്പെടുത്തുമോ ; | (ഡി) | പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും രൂപീകരിക്കുന്ന വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയാണ് ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ. അതുപോലെ തന്നെ മറ്റു വനപ്രദേശങ്ങളിൽ രൂപീകരിക്കുന്ന വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയാണ് വന സംരക്ഷണ സമിതികൾ. ഈ കൂട്ടായ്മകളാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നത്. |

---

ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ് :

പൊതുയോഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 7 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും അതിൽ നിന്ന് പ്രസിഡന്റും, എക്സ് ഒഫിഷ്യോ സെക്രട്ടറിയായി വനം വകുപ്പിൽ നിന്ന് ഫോറസ്റ്റർ /ഗാർഡും കൂടാതെ എക്സ് ഒഫിഷ്യോ അംഗങ്ങളായി പ്രസ്തുത പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പറും, സർക്കാരിതര സംഘടനയുടെ പ്രതിനിധിയും അടങ്ങുന്നതായിരിക്കും നിർവ്വഹണസമിതി.

വനസംരക്ഷണ സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും :

സമിതി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 9 പേരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും അതിൽ നിന്ന് പ്രസിഡന്റും, എക്സ് ഒഫിഷ്യോ സെക്രട്ടറിയായി വനം വകുപ്പിൽ നിന്ന് ഫോറസ്റ്റർ /ഗാർഡും കൂടാതെ എക്സ് ഒഫിഷ്യോ അംഗങ്ങളായി പ്രസ്തുത പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പറും, പട്ടിക വർഗ്ഗ വികസന വകുപ്പിലെ പ്രതിനിധിയും (വി.എസ്.എസിലെ മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്നിനേക്കാൾ കൂടുതൽ പട്ടികവർഗ്ഗ അംഗങ്ങളുണ്ടെങ്കിൽ മാത്രം) അടങ്ങുന്നതായിരിക്കും നിർവ്വഹണ സമിതി.

(ഇ) ഇക്കോ ടൂറിസത്തിന് അനുയോജ്യമായ പുതിയ എത്ര സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ ?

(ഇ) ഇക്കോ ടൂറിസത്തിന് അനുയോജ്യമായ 27 പുതിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം.428 12.7.2007 - ൽ മറുപടിക്ക്

ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ജെ.ജേക്കബ് :<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.കെ കെ.ജയചന്ദ്രൻ:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.വി.ശശികുമാർ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ): ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>ബി): ഈ രംഗത്ത് നിർമ്മിതി കേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | **(എ ആൻറ് ബി)**<br>കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം സാങ്കേതിക മികവോടെ ഗുണമേന്മയേറിയ വീടുകൾ കുറഞ്ഞ ചിലവിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. ഇത്തരം നിർമ്മാണ സാമഗ്രികളുടെ പ്രചാരത്തിനുവേണ്ടി ബോധവത്ക്കരണ ക്ലാസുകളും പരിശീലനങ്ങളും പഞ്ചായത്തു തലത്തിൽ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇത്തരം നിർമ്മാണ സാമഗ്രികളുടെ പ്രചാരണത്തിനുവേണ്ടിയും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനുവേണ്ടിയുമുള്ള പരിശീലനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മിക്കുന്ന ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണങ്ങളിൽ കൂടിയും ഇവ പ്രചരിപ്പിക്കുന്നുണ്ട്.<br>ഹോളോ ബ്ളോക്കുകൾ , കോൺക്രീറ്റ് ജനൽ, വാതിൽ കട്ടിളകൾ, ഫെറോസിമൻറ് യൂണിറ്റുകൾ എന്നിവ ഉപയോഗത്തിൽ വരുത്തിയതുമൂലം നിർമ്മാണച്ചെലവിൽ കുറവു വരുത്താനും തടിയുടെ ഉപയോഗം കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില മാർക്കറ്റുകൾ സ്ഥാപിക്കുന്നതിൻെറ മുന്നോടിയായി പാലക്കാട് ജില്ലയിൽ ഒരു ന്യായവില മാർക്കറ്റ് തുടങ്ങാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| സി) കെട്ടിട നിർമ്മാണ മേഖലയിലെ നൂതന സാങ്കേതിക വിദ്യ സാധാരണ തൊഴിലാളികൾക്കു പകർന്നു കൊടുക്കുന്നതിനായി നിർമ്മിതി കേന്ദ്രം പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) സർക്കാർ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ചെലവു കുറഞ്ഞ ഭവന നിർമ്മാണ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുവാൻ പദ്ധതി ആവിഷ്ക്കരിക്കുമോ? | ഡി) സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളിൽ ചെലവ് കുറഞ്ഞ ഭവന നിർമ്മാണ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429 12.7.2007 ൽ മറുപടിക്ക്

## കാർഡമം ഹിൽ റിസർവ്വിലെ റിസോർട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ടി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.മുരളി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാർഡമം ഹിൽ റിസർവ്വിൽ റിസോർട്ടുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നു പറയുമോ; | എ) 6 റിസോർട്ടുകൾ സ്ഥാപിച്ചിട്ടുണ്ട് |
| ബി) കാർഡമം ഹിൽ റിസർവ്വിൽ വൻ കെട്ടിടങ്ങളുടെ നിർമ്മാണം അനുവദനീയമാണോ; | ബി) അല്ല. |
| സി) അവിടെ നിന്നും മരം വെട്ടുവാൻ ഗവൺമെന്റ് അനുമതി ആവശ്യമാണോ; | സി) ആവശ്യമാണ്. |
| ഡി) അവിടെ റിസോർട്ടുകൾ നിർമ്മിക്കുന്നതിനായി വലിയ മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ടോ;<br>ഇ) എങ്കിൽ അതിന് ഗവൺമെന്റിന്റെ അനുമതി നേടിയിരുന്നോ? | (ഡി) യും (ഇ) യും<br>വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 430 — 12. 7. 2007-ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളെ അനധികൃത പണമിടപാടുകാരുടെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ.എം.കെ. പുരുഷോത്തമൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ. എ.എം ആരിഫ്<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളെ അനധികൃത പണമിടപാടുകാരുടെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ, | എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള ഇന്റഗ്രേറ്റഡ് ഫിഷറീസ് വികസന (ഐ.എഫ്.ഡി.പി.)വായ്പ പദ്ധതി<br>2) മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി പ്രകാരം ചുരുങ്ങിയ പലിശ നിരക്കിൽ 80 കോടി രൂപയുടെ വായ്പ<br>3) സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതികൾ<br>4) 40000 മത്സ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപ വീതം പലിശ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി എന്നിവയാണ് അവ. |
| ബി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കും; | ബി) 1. ഐ.എഫ്.ഡി.പി. പദ്ധതി - 9200 പേർക്ക്<br>2. മൈക്രോഫിനാൻസ് - 210000 പേർക്ക്<br>3. റ്റിപ്പ്/റ്റി.ആർ.പി.പദ്ധതികൾ - 25665 പേർക്ക്<br>4. പലിശരഹിത വായ്പാ പദ്ധതി - 40000 പേർക്ക്<br>ആകെ - 284865 പേർ |
| സി) മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരമുള്ള പലിശരഹിത വായ്പ ഏത് ഏജൻസി വഴി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | സി) പലിശ രഹിത വായ്പ പദ്ധതി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 'സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ ' ( എസ്.എ.എഫ്)എന്ന ഏജൻസി വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ലോൺ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | ഡി) 1. പലിശ രഹിത വായ്പയുടെ തിരിച്ചടവ് ഉറപ്പു വരുത്തുന്നതിനുവേണ്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ സഹായവും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗപ്പെടുത്തുന്നതാണ്.<br>2. മത്സ്യഫെഡ് വഴിയുള്ള വായ്പയിൽ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി തിരിച്ചടവ് ഉറപ്പു വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **431** — 12.07.07-ൽ മറുപടിയ്ക്ക്

### ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. സുധാകരൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് സഹായകമായി ടൂറിസം വകുപ്പിന്റെ കീഴിൽ ഒരു ഇക്കോ ടൂറിസം ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം പദ്ധതികൾ റിസർവ്വ് വനങ്ങളിൽ വന സംരക്ഷണസമിതികൾ വഴിയും വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ വഴിയുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ കമ്മിറ്റികളുടെ ഡിവിഷൻ തലത്തിലുള്ള ഫെഡറേഷനാണ് വനവികാസ ഏജൻസികൾ. ടൂറിസം ഡിപ്പാർട്ട്മെന്റ് ഇക്കോ ടൂറിസം ഡയറക്ടർ മുഖേന ഇക്കോ ടൂറിസം പദ്ധതിയ്ക്കുള്ള ധനസഹായം ഈ വനവികാസ ഏജൻസികൾക്ക് നൽകുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് കൺസർവേറ്റർ അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖയുടെ അടിസ്ഥാനത്തിലാണ്. ഈ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അവലോകനം കാലാകാലങ്ങളിൽ വന വികാസ ഏജൻസി, വനം വകുപ്പ്, ടൂറിസം വകുപ്പ് എന്നിവ നടത്താറുണ്ട്. |
| (ബി) സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള എത്ര പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (ബി) ഇക്കോ ടൂറിസത്തിനായി സംസ്ഥാനത്ത് 27 പുതിയ സ്ഥലങ്ങളാണ് വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വരുംകാലങ്ങളിൽ കൂടുതൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) ഈ പദ്ധതി പ്രകാരം ഇപ്പോൾ എത്ര ഇക്കോ ടൂറിസം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് 55 സ്ഥലങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :0432

12/07/2007-ൽ മറുപടിക്ക്

## വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ. എം.എൽ.എ.<br>ശ്രീ.അബ്ദു റഹിമാൻ. രണ്ടത്താണി, എം.എൽ.എ. | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ ; | എ. എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും എനർജി ചാർജ്ജ് വർദ്ധനവ് വരുത്താൻ കെ.എസ്.ഇ.ബി താരിഫ് പെറ്റീഷൻ നൽകിയിട്ടില്ല. എന്നാൽ പവർ ഇന്റൻസീവ് വ്യവസായങ്ങൾക്ക് വർദ്ധനവ് വരുത്തുന്നതിന് താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. റവന്യു ഗ്യാപ്പ് കുറയ്ക്കുന്നതിന് താരിഫ് പെറ്റീഷൻ സമർപ്പിക്കേണ്ടത് കെ.എസ്.ഇ.ബി.യുടെ നിയമപരമായ ബാധ്യതയാണ്. |
| ബി. വൈദ്യുതി നിരക്കിലെ വർദ്ധനവ് വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപിനെ ബാധിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെ മറികടക്കാൻ എന്തു മാർഗ്ഗമാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. | ബി. ഉണ്ട്. വൈദ്യുതി ബോർഡിന്റെ ശുപാർശയിന്മേൽ റഗുലേറ്ററി കമ്മീഷന്റെ തീരുമാനം ഉണ്ടായതിനുശേഷം മാത്രമേ ടി തീരുമാനം വ്യവസായങ്ങളെ എങ്ങിനെ ബാധിക്കും എന്ന് നിശ്ചയിക്കുവാനാകൂ. വ്യവസായങ്ങളുടെ നിലനില്പിനേയും വളർച്ചയെയും പ്രതികൂലമായി ബാധിക്കാത്ത ഒരു നയ സമീപനം സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 433      12.07.2007 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഒരു വർഷത്തിനകം വൈദ്യുതി രംഗത്ത് കൈവരിക്കാനായ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്;<br><br>(ബി) ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ രംഗങ്ങളിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (എ) & (ബി) ഉല്പാദന രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനകം ശബരിഗിരി പദ്ധതിയുടെ നവീകരണത്തിലൂടെ 6MW ന്റെ സ്ഥാപിതശേഷി വർദ്ധനവും നേര്യമംഗലം പദ്ധതിയുടെ നവീകരണത്തിലൂടെ 2.66 MW ന്റെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടായിട്ടുണ്ട്. കൂടാതെ 67 MU വാർഷിക ഉൽപ്പാദന ശേഷിയുള്ള അഴുത ഡൈവേർഷൻ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും 37 MU വാർഷിക ഉൽപ്പാദന ശേഷിയുള്ള കുറ്റ്യാർ ഡൈവേർഷൻ സ്കീമിൽ നിന്നും ഭാഗികമായി വെള്ളം ഇടുക്കി റിസർവ്വോയറിലേക്ക് തിരിച്ചുവിടൽ ആരംഭിക്കുകയും ചെയ്തു. ഇവ കൂടാതെ 60 MW സ്ഥാപിതശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും 3.5 MW സ്ഥാപിത ശേഷിയുള്ള ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 MW) കുറ്റ്യാടി ടെയിൽറേസ് (3.5MW) നേര്യമംഗലം എക്സ്റ്റൻഷൻ (25MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. |

പ്രസരണ രംഗത്ത് കഴിഞ്ഞ വർഷം ആകെ അഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും മൂന്ന് 66 കെ.വി. സബ്സ്റ്റേഷനുകളും പതിനാല് 33 കെ.വി. സബ്സ്റ്റേഷനുകളും 40.324 കി.മീ. 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനും 125.640 കി.മീ. 33 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനും പൂർത്തിയായി. ഇതിന്റെ ഫലമായി ഈ സബ്സ്റ്റേഷനുകളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ 10 മുതൽ 15 ശതമാനം വരെ വോൾട്ടേജ് വർദ്ധന ഉണ്ടായിട്ടുണ്ട്. കൂടാതെ വൈദ്യുതി തടസ്സം വലിയ ഒരളവുവരെ കുറച്ചുകൊണ്ടുവരാനും പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

വിതരണ രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനകം കൈവരിക്കാനായ പ്രധാന നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. കഴിഞ്ഞ സാമ്പത്തിക വർഷം 4.78 ലക്ഷം പുതിയ കണക്ഷനുകൾ നൽകി. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2007 മെയ് 31 വരെ ലക്ഷം കണക്ഷനുകൾ നൽകി.

2. ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തുന്നതിനായി 2006-07 ൽ പുതുതായി 6 ഇലക്ട്രിക്കൽ ഡിവിഷനുകളും 4 ഇലക്ട്രിക്കൽ സബ് ഡിവിഷനുകളും 24 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും ആരംഭിച്ചു.

3. പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കി.

4. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 1820 കി.മീ. 11 കെ.വി. ലൈനുകളും 8220 കി.മീ. എൽ.ടി.

ലൈനുകളും പുതുതായി നിർമ്മിക്കുവാനും 2124 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും കഴിഞ്ഞു. ഇത് ബോർഡിന്റെ ചരിത്രത്തിലെ റിക്കോർഡ് നേട്ടമാണ്.

5. 01.01.2007 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പോസ്റ്റ് ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ അപേക്ഷകർക്ക് ബോർഡിന്റെ ഫണ്ടിൽ നിന്നും വൈദ്യുതി കണക്ഷനുകൾ കൊടുക്കുവാൻ തീരുമാനിച്ചു. ഇനിയും കൊടുത്തു തീർക്കുവാനുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണം 1,96,044 ആയി പരിമിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

6. എല്ലാ സാമൂഹ്യ കുടിവെള്ള പദ്ധതികളുടെയും വൈദ്യുതി താരിഫ് വ്യാവസായിക വിഭാഗത്തിൽ നിന്നും ഗാർഹിക താരിഫ് വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.

7. മിനിമം ഗ്യാരണ്ടി കരാറിൽ ഒപ്പുവെച്ചിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ ഗാർഹിക/കാർഷിക ഉപഭോക്താക്കൾക്ക് മിനിമം ഗ്യാരണ്ടി തുകയും കുടിശ്ശിക കറണ്ട് ചാർജ്ജിൻമേലുള്ള പലിശയും ഒഴിവാക്കി.

8. കഴിഞ്ഞ ഒരു വർഷത്തെ കാലയളവിൽ വൈദ്യുതി മോഷണങ്ങൾ കണ്ടെത്തുന്നതിലും പിഴയായി നിർണ്ണയിക്കപ്പെട്ട തുക ഈടാക്കുന്നതിലും വർദ്ധിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്.

9. 30.06.2007 ന് മുൻപ് വീണ്ടും തുറന്ന് പ്രവർത്തിച്ച തോട്ടങ്ങളുടെയും, വ്യവസായ സ്ഥാപനങ്ങളുടെയും അടഞ്ഞു കിടന്ന സമയത്തെ മിനിമം ഡിമാന്റ് തുക ഒഴിവാക്കികൊടുത്തു.

(ഡി) കേരളത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) 2012-ഓടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | [illegible] വൈദ്യുതീകരണങ്ങൾക്ക് [illegible] ഉൗർജ്ജം നൽകുമോ; | (ഡി) | നൽകി വരുന്നുണ്ട്. |
| (ഇ) | [illegible] ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) | ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം 4.35 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ വൈദ്യുതീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതുപ്രകാരം കാസർഗോഡ്, കണ്ണൂർ വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാൻ സർക്കാരും ബോർഡും ആർ.ഇ.സി യും എൻ.ടി.പി.സി യും തമ്മിലുള്ള ചതുർകക്ഷി ഉടമ്പടി ഒപ്പുവെച്ചു. കൂടാതെ ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി [illegible] ഐ.സി.എസ്.എ (ഇന്ത്യ) ലിമിറ്റഡുമായി 23.03.2007 ൽ ഉടമ്പടി ഒപ്പുവെച്ചു. കൂടാതെ കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2009 ഓടെ വൈദ്യുതി എത്തിക്കാനായി റൂറൽ ഇലക്ട്രിഫിക്കേഷൻ പോളിസി പ്രകാരം റൂറൽ ഇലക്ട്രിഫിക്കേഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |

Padma [signature]

സെക്ഷൻ ഓഫീസർ

1 **വൈദ്യുതി ബോർഡ് – നേട്ടങ്ങളുടെ ഒരു വർഷം**

സംസ്ഥാന വൈദ്യുതി മേഖലയെ സംബന്ധിച്ചിടത്തോളം എൽ.ഡി.എഫ് സർക്കാരിന്റെ ആദ്യ വർഷമായ 2006–07 ചാരിതാർത്ഥ്യജനകമായ മികച്ച നേട്ടങ്ങളോടെയാണ് കടന്ന് പോയത്.

ഉത്പാദന, വിതരണ, പ്രസരണ മേഖലകളിൽ ചിട്ടയായ പ്രവർത്തനങ്ങൾ വഴി ലക്ഷ്യങ്ങൾ കൈവരിക്കാനായി. പാഴ് ചെലവുകൾ ഒഴിവാക്കി സാമ്പത്തിക രംഗത്ത് കാര്യക്ഷമത പുലർത്താനായതും ബോർഡിന്റെ മെച്ചപ്പെട്ട പ്രകടനത്തിന് സഹായകമായി.

**പവർകട്ട് ഒഴിവാക്കി**

രാജ്യത്തെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പവർകട്ട് ഏർപ്പെടുത്തിയപ്പോഴും കേരളത്തിൽ കഴിഞ്ഞ വർഷവും പവർകട്ടോ ലോഡ് ഷെഡിംഗോ ഏർപ്പെടുത്തിയില്ല. രാജ്യത്ത് എല്ലാ മേഖലയിലും വില വർദ്ധന അനുഭവപ്പെട്ടെങ്കിലും വൈദ്യുതിയുടെ നിരക്ക് വർദ്ധിപ്പിക്കാതെ ബോർഡ് വികസന പ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധേയമാണ്.

**സാമ്പത്തിക രംഗം**

1948 ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റ് അനുസരിച്ച് ബോർഡ് ഓരോവർഷവും, ആസ്തിയുടെ 3% ലാഭം ഉറപ്പുവരുത്തേണ്ടതുണ്ട്. തദനുസരണമായി താരിഫുകൾ നിശ്ചയിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ വളർച്ചക്കനുസൃതമായി ജലവൈദ്യുതോത്പാദനം കൂട്ടാൻ കഴിയാതെ വന്നപ്പോൾ നമുക്ക് വിലകൂടിയ താപവൈദ്യുതിയെ അധികമായി ആശ്രയിക്കേണ്ടിവന്നു. ഇതുമൂലം ഉണ്ടാകുമായിരുന്ന താരിഫ് വർദ്ധന ഒഴിവാക്കാനായി ബോർഡിന്റെ റവന്യൂ കമ്മി സർക്കാർ സബ്സിഡി നൽകി നികത്താമെന്ന് സമ്മതിച്ച് ഉത്തരവ് നൽകിയിരുന്നു. ഇതു പ്രകാരം ബോർഡിന് 2006 മാർച്ച് 31 വരെ 4485.35 കോടി രൂപ ഈ ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കാനുണ്ട്.

**2001–02 മുതൽ 2005–06 വരെയുള്ള റവന്യൂ കമ്മിയുടെ വിശദവിവരം**

| വർഷം | റവന്യൂ കമ്മി |
|---|---|
| 2001–02 | 1316.43 |
| 2002–03 | 1015.57 |
| 2003–04 | 1007.43 |
| 2004–05 | 342.76 |
| 2005–06 | 144.58 |

2005-06 -ൽ സർക്കാർ ഗാർഹിക ഉപഭോക്താക്കൾക്കും വാണിജ്യ ഉപഭോക്താക്കൾക്കും യൂണിറ്റ് ഒന്നിന് 20 പൈസ വീതം കുറയ്ക്കുകയുണ്ടായി. ഇതുമൂലം ബോർഡിന് പ്രതിവർഷം 120 കോടിയുടെ സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ട്. ശമ്പള പരിഷ്ക്കരണം മൂലം പ്രതിവർഷം 130 കോടി രൂപയുടെ അധിക ബാദ്ധ്യതയും ഉണ്ടാകും. വിലകൂടിയ താപവൈദ്യുതിയെ ആശ്രയിക്കേണ്ടിവരുന്നതു കൊണ്ടുള്ള അധികസാമ്പത്തിക ബാദ്ധ്യത വേറെയുമുണ്ട്. എന്നിരുന്നാലും പാവപ്പെട്ട ഉപഭോക്താക്കൾക്കും, കാർഷിക ഉപഭോക്താക്കൾക്കും ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കത്തക്ക നിലയിൽ താരിഫ് നിയന്ത്രിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. താരിഫ് നിശ്ചയിക്കുന്നത് റെഗുലേറ്ററി കമ്മീഷൻ ആണ്. എന്നാൽ ഇതിനു വേണ്ട നയപരമായ നിർദ്ദേശങ്ങൾ സർക്കാർ നൽകി കഴിഞ്ഞു.

**ഉത്പാദനരംഗത്ത് മികച്ച വികസന പ്രവർത്തനങ്ങൾ.**

ഉത്പാദനരംഗത്ത് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ നടപടികൾ ത്വരിതപ്പെടുത്തി. പതിനൊന്നാം പദ്ധതിക്കാലത്ത് 500 മെഗാവാട്ട് സ്ഥാപിതശേഷി അധികമായി ഉണ്ടാക്കാൻ 41 പുതിയ പദ്ധതികൾ കണ്ടെത്തുകയും അവ എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ വനങ്ങൾ കഴിവതും നശിപ്പിക്കാതെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികൾ കേരളത്തിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗത്തിന് പരിഹാരം കാണും എന്ന് വിശ്വസിക്കുന്നു. 60 മെഗാവാട്ടിന്റെ പള്ളിവാസൽ വിപുലീകരണ പദ്ധതി നിർമ്മാണ പ്രവർത്തനത്തിന് 2006 ഡിസംബർ 26 ന് തുടക്കം കുറിച്ചു. 25 മെഗാവാട്ടിന്റെ നേരിയമംഗലം വിപുലീകരണ പദ്ധതിയും 3.75 മെഗാവാട്ടിന്റെ കുറ്റ്യാടി ടെയിൽ റെയ്സ് പദ്ധതിയും 2007-08 ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ചിട്ടയായി അവലോകനം നടത്തുന്നത് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായകമായിട്ടുണ്ട്.

**വിതരണ രംഗത്തെ നേട്ടങ്ങൾ**

കഴിഞ്ഞ വർഷം 4.78 ലക്ഷത്തിൽപരം പുതിയ കണക്ഷനുകൾ നൽകി. അപേക്ഷ നൽകി വൈദ്യുതിക്കു വേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം 2.36 ലക്ഷമായി കുറച്ചു കൊണ്ടുവരുവാൻ കഴിഞ്ഞു. 1,820 കിലോമീറ്റർ 11 കെ.വി. ലൈനും, 8,228 കിലോമീറ്റർ ലോടെൻഷൻ ലൈനും നിർമ്മിക്കാനും, 2,124 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും കഴിഞ്ഞത് എടുത്ത് പറയത്തക്ക നേട്ടം തന്നെയാണ്.

**പ്രസരണ രംഗത്തെ നേട്ടങ്ങൾ**

പ്രസരണ രംഗത്ത് കഴിഞ്ഞ വർഷം ആകെ അഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും മൂന്ന് 66 കെ.വി. സബ്സ്റ്റേഷനുകളും പതിനാല് 33 കെ.വി. സബ്സ്റ്റേഷനുകളും സ്ഥാപിച്ചു. ഇതിന്റെ ഫലമായി ഈ സബ്സ്റ്റേഷനുകളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ 10 മുതൽ 15 ശതമാനം വരെ വോൾട്ടേജ് വർദ്ധന ഉണ്ടായിട്ടുണ്ട്.

**പ്രസരണ-വിതരണ നഷ്ടം കുറച്ചു**

2006–07 വർഷത്തിൽ പ്രസരണ-വിതരണ നഷ്ടം 1.16 ശതമാനം കുറച്ച് വാർഷിക ശരാശരി നഷ്ടം 23.43 ശതമാനത്തിൽ എത്തിച്ചു.

**പുനസംഘടന**

2003 -ലെ ഇലക്ട്രിസിറ്റി നിയമം അനുസരിച്ച് ബോർഡിനെ പുന:സംഘടിപ്പിക്കേണ്ടതുണ്ടെങ്കിലും, ഈ സർക്കാർ നയപരമായി ഇതിനെതിരാണ്. 2007 ഡിസംബർ 9 വരെ ബോർഡ് ഇന്നത്തെ നിലയിൽ തുടരാനുള്ള അനുമതി കേന്ദ്രത്തിൽ നിന്ന് നേടിയെടുത്തിട്ടുണ്ട്.

**മെച്ചപ്പെട്ട സേവനത്തിനായി 26 പുതിയ ഓഫീസുകൾ**

വർദ്ധിച്ചു വരുന്ന ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം കാഴ്ചവെയ്ക്കുന്നതിനുവേണ്ടി 17 സെക്ഷനുകളും, 4 സബ്ഡിവിഷനുകളും 5 ഡിവിഷനുകളും പുതുതായി തുറന്നു. ഇവയിൽ മിക്കവയും പിന്നോക്ക മലയോര മേഖലകളിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**കുടിവെള്ള പദ്ധതികൾക്ക് താരിഫ് ഇളവ്**

കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്ക് ഏർപ്പെടുത്താൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. ജലനിധി, ജലധാര പദ്ധതികളിൽ പെടുന്ന ഉപഭോക്താക്കൾക്ക് മാത്രമല്ല ത്രിതലപഞ്ചായത്തുകൾ നടത്തുന്ന കുടിവെള്ള പദ്ധതികളുടെ കീഴിൽ വരുന്നവർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കും. കൂടാതെ പട്ടിക വിഭാഗക്കാരുടെ കോളനികൾക്കും ലക്ഷംവീട് കോളനികൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾക്ക് ഗാർഹിക നിരക്ക് ഏർപ്പെടുത്തി. 4750 പദ്ധതികൾക്ക് ഇതിന്റെ മെച്ചം ലഭ്യമാണ്. ഇതു വഴി 7 കോടിയോളം രൂപയുടെ അധിക ബാദ്ധ്യതയാണ് ബോർഡ് ഏറ്റെടുത്തത്.

**മിനിമം ഗ്യാരന്റി തുകയിൽ എസ്.സി/എസ്.ടി/ ബി.പി.എൽ കുടുംബങ്ങൾക്ക് ഇളവ്.**

01.04.2005 ന് മുമ്പ് ഗാർഹിക കാർഷിക ആവശ്യത്തിന് മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ കണക്ഷൻ എടുത്തിട്ടുള്ളവരും, കണക്റ്റഡ് ലോഡ് 1000 വാട്ടിൽ കുറവുള്ളതുമായ പട്ടികജാതി പട്ടികവർഗ്ഗ ഉപഭോക്താക്കളെയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളെയും ശേഷിച്ച മിനിമം ഗ്യാരന്റി കാലയളവിനുള്ളിൽ നൽകേണ്ട മിനിമം ഗ്യാരന്റി ചാർജ്ജിൽ നിന്നും ഒഴിവാക്കി കൊടുത്തു. അതുപോലെ മിനിമംഗ്യാരന്റി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളിൽ നിന്നും മിനിമം ഗ്യാരന്റി തുക ഒഴിവാക്കി, കറന്റ് ചാർജ്ജ്, ലൈൻ റെന്റൽ എന്നീ തുകകൾ പലിശ കൂടാതെ വാങ്ങുന്നതിനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട്.

**പൊതുമേഖലാസ്ഥാപനങ്ങൾക്ക് പുതുജീവൻ**

വൈദ്യുതി ബോർഡിന് ആവശ്യമുള്ള സാധനസാമഗ്രികൾ കഴിയുന്നത്ര പൊതുമേഖലയിൽ നിന്ന് തന്നെ വാങ്ങാൻ തീരുമാനിച്ചത് യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ട്രാക്കോ കേബിൾസ്, കെൽ എന്നീ പൊതുമേഖലാസ്ഥാപനങ്ങൾക്ക് പുതു ജീവൻ നൽകാൻ ഇടയായിട്ടുണ്ട്.

**വൈദ്യുതി മോഷണത്തിനെതിരെ ശക്തമായ നടപടി**

വൈദ്യുതി മോഷണത്തിനെതിരെയുള്ള നടപടികൾ ശക്തമാക്കി. പത്ത് കോടിയിൽപരം രൂപയുടെ വൈദ്യുതി മോഷണവും ക്രമക്കേടും കണ്ടെത്താനായി. പുതുതായി നാല് ആന്റി പവർതെഫ്റ്റ് സ്ക്വാഡുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.

വരും വർഷങ്ങളിൽ ഉല്പാദനവിതരണ പ്രസരണ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം നേരിടാൻ നടപടി സ്വീകരിക്കുന്നതാണ്.

**ശമ്പള പരിഷ്കരണം**

ബോർഡ് ജീവനക്കാരുടെ ശമ്പളം 2003 ആഗസ്റ്റ് മുതലും ഓഫീസർമാരുടെ ശമ്പളം 2003 ജൂലൈ മുതലും പരിഷ്ക്കരിക്കണമായിരുന്നു. ഇതു സംബന്ധിച്ച് ജീവനക്കാരുടെയും ഓഫീസർമാരുടേയും സംഘടനകളുമായി ചർച്ച നടത്തുകയും ശമ്പളം പരിഷ്കരണം അർഹമായ തീയതിമുതൽ പ്രാബല്യത്തിൽ വരുന്നവിധം നടപ്പിലാക്കുകയും ചെയ്തു. ഇതുമൂലം ബോർഡിന് പ്രതിവർഷം 130 കോടി രൂപയുടെ അധികബാധ്യത ഉണ്ടാകും.

**നിയമനം, സ്ഥാനക്കയറ്റം**

ബോർഡ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആകെ 485 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ 135 ആശ്രിതനിയമനങ്ങളാണ്. 15 പേരെ സ്പോർട്സ് ക്വാട്ടയിലാണ് നിയമിച്ചത്.

പ്രമോഷനുകൾ കാലവിളംബം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് 6,267 പ്രമോഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്.

## II 2007–08 വർഷത്തേക്കുള്ള ലക്ഷ്യങ്ങളും പദ്ധതികളും.

ഏതൊരു വികസനപ്രവർത്തനത്തിനും അനിവാര്യ ഘടകമാണ് വൈദ്യുതി. ഈ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ പരാജയപ്പെട്ടാൽ എല്ലാ വികസന പ്രവർത്തനങ്ങളും മന്ദീഭവിക്കും. നമ്മുടെ സംസ്ഥാനത്തെ പീക്ക് ഡിമാന്റും വൈദ്യുതി ഉപഭോഗത്തിന്റെ അളവും മുൻകാലങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. 2006–07 ൽ ഏറ്റവും കൂടിയ പീക്ക് ഡിമാന്റ് 2742 മെഗാവാട്ടായി ഉയർന്നു. പ്രതിദിന ഉപഭോഗവും 47 ദശലക്ഷം യൂണിറ്റ് കവിഞ്ഞു. വലിയൊരു കാർഷിക–

വ്യവസായിക വികസനത്തിനും ടൂറിസം വികസനത്തിനും ഐ.റ്റി. വികസനത്തിനും തയ്യാറെടുക്കുകയാണ് നമ്മുടെ സംസ്ഥാനം. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നടത്തിയ പവർ സർവ്വേ പ്രകാരം 2012 ആകുമ്പോഴേക്കും നമ്മുടെ പീക്ക് ഡിമാന്റ് 3528 മെഗാവാട്ടാവും. പ്രതിവർഷ വൈദ്യുതി ഉപഭോഗം ഇപ്പോഴുള്ള 120.37 ദശലക്ഷം യൂണിറ്റിൽ നിന്ന് 19230 ദശലക്ഷം യൂണിറ്റായി വർദ്ധിക്കുകയും ചെയ്യും.

**സമ്പൂർണ്ണ വൈദ്യുതീകരണം – താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി**

ആവശ്യക്കാർക്കെല്ലാം താങ്ങാവുന്ന നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക എന്നതാണ് ബോർഡിന്റെ ലക്ഷ്യം. അതു പോലെ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മുക്കിലും മൂലയിലും വൈദ്യുതി എത്തിച്ച്, 2012 ന് മുമ്പായി എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക എന്ന മഹത്തായ ലക്ഷ്യവും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിലേക്കുള്ള ആദ്യപടിയായി പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമ പഞ്ചായത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന നേട്ടം കൈവരിച്ചു.

**പദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക**

മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനാണ് വൈദ്യുതി വകുപ്പും അതിനോടനുബന്ധിച്ച സ്ഥാപനങ്ങളും ലക്ഷ്യമിടുന്നത്. 2007–08 ൽ ഏതാണ്ട് 1022 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നത്. ഉല്പാദന മേഖലയിൽ 334.52 കോടി രൂപയും വിതരണ മേഖലയിൽ 464.36 കോടി രൂപയും പ്രസരണ മേഖലയിൽ 221.80 കോടി രൂപയും മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത്.

**ബോർഡിന്റെ തനതുഫണ്ട്**

മേൽ സൂചിപ്പിച്ച മുതൽമുടക്കെല്ലാം ബോർഡ് സ്വയം സ്വരൂപിക്കുന്ന ഫണ്ടുകളിൽ നിന്നാണ് ചെലവാക്കുന്നത്. സംസ്ഥാന ബഡ്ജറ്റിൽ ബോർഡിന്റെ വികസ പ്രവർത്തനങ്ങൾക്ക് തുക ഒന്നും തന്നെ വകയിരുത്താറില്ല. എന്നിരുന്നാലും ബോർഡിന്റെ 2007–08 ലെ വികസന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തം സഭ മുമ്പാകെ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു.

**ജലവൈദ്യുത പദ്ധതികൾ**

വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രകൃതിവിഭവം എന്ന നിലയിൽ കേരളത്തിൽ ജലവിഭവം മാത്രമാണ് ലഭ്യമായിട്ടുള്ളത്. വർദ്ധിച്ചു വരുന്ന വൈദ്യുതിയുടെ ആവശ്യകത കണക്കിലെടുത്ത് ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകി ഉത്പാദനം വർദ്ധിപ്പിക്കാനാണ് ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി താഴെപറയുന്ന ജലവൈദ്യുതി പദ്ധതികൾ 2007–08 ൽ പൂർത്തീകരിക്കും.

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഉൽപാദനശേഷി (ദശലക്ഷം യൂണിറ്റ്) |
|---|---|---|---|
| 1. | കുറ്റ്യാടി ടെയിൽ റേസ് | 3.75 | 15.00 |
| 2. | നേര്യമംഗലം എക്സ്റ്റൻഷൻ | 25 | 58.27 |
| 3. | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ | 100 | 240.00 |
| 4. | ശബരിഗിരി (I, II & III) നവീകരണം | 15 | |
| 5 | കുറ്റിയാർ ഡൈവർഷൻ | | 37 |
| 6 | അഴുത ഡൈവേർഷൻ | | 57 |
| | **ആകെ** | **143.75** | **407.27** |

11–ാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുന്ന 2011–12 നുള്ളിൽ 610 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവ് കേരളത്തിൽ കൈവരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 3.5 മെഗാവാട്ടിന്റെ ആഢ്യൻപാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട്. ഇവ കൂടാതെ ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

| നമ്പർ | പദ്ധതി | മെഗാവാട്ട് | ദശലക്ഷം യൂണിറ്റ് |
|---|---|---|---|
| 1. | ആതിരപ്പിള്ളി | 163 | 386 |
| 2. | ബാരാപ്പോൾ | 21 | 51 |
| 3. | വിലങ്ങാട് | 7.5 | 22.63 |
| 4. | മണിയാർ ടെയിൽറേസ് | 4 | 16.73 |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | 0 | 85 |
| 6. | രാമക്കൽമേട്–അനർട്ട്–കെ.എസ്.ഇ.ബി സംയുക്ത പദ്ധതി | 5 | 15.2 |
| | **ആകെ** | **205.5** | **576.56** |

**കല്‍ക്കരി അടിസ്ഥാനമാക്കി ഒറീസയില്‍ താപനിലയം**

ദീര്‍ഘകാലാടിസ്ഥാനത്തിലുള്ള കേരളത്തിന്റെ വൈദ്യുതാവശ്യകത നിറവേറ്റുന്നതിന് ജലവൈദ്യുത പദ്ധതികള്‍ മാത്രം മതിയാകില്ല. ഇത് കണക്കിലെടുത്ത് വൈദ്യുതോല്‍പാദനത്തിനായി കല്‍ക്കരി ബ്ലോക്ക് അനുവദിച്ച് നല്‍കണമെന്ന് കേന്ദ്ര ഗവണ്‍മെന്റിനോടാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തില്‍ ഒറീസ്സയിലെ ബൈതരണി ഖനിയില്‍ നിന്നും കല്‍ക്കരി അനുവദിച്ചിട്ടുണ്ട്. കല്‍ക്കരി അധിഷ്ടിതമായി വൈദ്യുത ഉല്‍പദനനിലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികള്‍ ഈ വര്‍ഷം ആരംഭിക്കാന്‍ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രസരണ ശൃംഖല ശക്തമാക്കാന്‍**

വൈദ്യുതി ശൃംഖലയിലെ വോള്‍ട്ടേജ് നിലവാരം മെച്ചപ്പെടുത്തുക, ഓവര്‍ ലോഡിംഗ് കുറച്ച് കൊണ്ടുവരുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങള്‍ നേടുന്നതിന് 2007–08 –ല്‍ മൂന്ന് 220 കെ.വി.സബ്സ്റ്റേഷനുകളും പതിനൊന്ന് 110 കെ.വി. സബ്സ്റ്റേഷനുകളും ഒരു 66 കെ.വി. സബ്സ്റ്റേഷനും മുപ്പത്തൊന്ന് 33 കെ.വി. സബ്സ്റ്റേഷനുകളും അവയുടെ അനുബന്ധ ലൈനുകളും സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നു. വിശദാംശങ്ങള്‍ അനുബന്ധം –1 ല്‍.

**വിതരണ രംഗത്തെ ലക്ഷ്യങ്ങള്‍**

വിതരണ രംഗത്ത് ആര്‍.ജി.ജി.വി.വൈ പദ്ധതിയിലേതുള്‍പ്പെടെ പൂര്‍ത്തീകരിക്കാന്‍ ലക്ഷ്യമിട്ടിരിക്കുന്ന പ്രവര്‍ത്തികള്‍ താഴെക്കൊടുക്കുന്നു.

| നമ്പര്‍ | ജോലികള്‍ | യൂണിറ്റ് | 2007–08 |
|---|---|---|---|
| 1. | 11 കെ.വി. ലൈന്‍ നിര്‍മ്മാണം | കി.മീ | 3,500 |
| 2. | എല്‍.റ്റി.ലൈന്‍ നിര്‍മ്മാണം | കി.മീ | 7,500 |
| 3. | വിതരണ ട്രാന്‍സ്ഫോര്‍മറുകള്‍ സ്ഥാപിക്കല്‍ | എണ്ണം | 3,500 |
| 4. | സര്‍വ്വീസ് കണക്ഷന്‍ | എണ്ണം | 5,00,000 |
| 5 | തെരുവ് വിളക്കുകള്‍ സ്ഥാപിക്കല്‍ | എണ്ണം | 36,000 |
| 6. | കേടായമീറ്ററുകള്‍ മാറ്റി സ്ഥാപിക്കല്‍ | എണ്ണം | 4,00,000 |

**പവര്‍ ഓണ്‍ ഡിമാന്റ്**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നില്‍ക്കുന്ന 50,000 വീടുകള്‍ക്കടക്കം ആകെ 5,00,000 പുതിയ വൈദ്യുത കണക്ഷനുകള്‍ നല്‍കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം

ഗണ്യമായി കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ 1.95 ലക്ഷം അപേകർക്കാണ് വൈദ്യുതി നൽകാനുള്ളത്. 01.01.2007 നകം രജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകൾ ഉൾപ്പടെ എല്ലാ കണക്ഷനുകളും ഈ വർഷം തന്നെ പൂർണ്ണമായും നൽകും. 31.05.2007 ലെ കണക്കനുസരിച്ച് 1,95,044 അപേക്ഷകളാണ് കണക്ഷനുവേണ്ടി ബാക്കിയുള്ളത്. ഈ സാമ്പത്തിക വർഷം അവസാനത്തോടു കൂടി നിലവിലുള്ള അപേക്ഷകർക്കെല്ലാം വൈദ്യുതി നൽകാനും തുടർന്ന് ആവശ്യപ്പെടുമ്പോൾ വൈദ്യുതി കണക്ഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു.

**പ്രസരണ–വിതരണ നഷ്ടം വീണ്ടും കുറയ്ക്കുവാൻ ലക്ഷ്യം**

ഒരു യൂണിറ്റ് വൈദ്യുതി ലാഭിക്കുന്നത് ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമാണ്. ആയതിനാൽ പ്രസരണ വിതരണ നഷ്ടം പ്രതിവർഷം 2% വീതം കുറയ്ക്കുന്നതിന് എല്ലാ നടപടികളും ബോർഡ് സ്വീകരിച്ചിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുക, കേടായ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക, വൈദ്യുതി മോഷണം തടയുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികളാണ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് സ്വീകരിച്ചുവരുന്നത്.

**സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി കണക്ഷൻ**

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 2005 ലെ സപ്ലൈകോഡ് പ്രകാരം വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്ന വ്യക്തികൾ അതിന് വേണ്ടി വരുന്ന ചെലവ് ബോർഡിന് നലകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം ബോർഡിൽ അടക്കേണ്ട തുക കമ്മീഷൻ അംഗീകരിച്ചു നൽകിയിട്ടുമുണ്ട്. എന്നാൽ കമ്മീഷൻ അംഗീകരിച്ച തുകയടച്ച് വൈദ്യുതി കണക്ഷൻ എടുക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങളും ഉണ്ട്. അത്തരം കുടുംബങ്ങൾക്കും വൈദ്യുതി നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി വിദ്യുത് കിരൺ എന്ന പേരിൽ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകി നടപ്പാക്കുന്നു. ഇതിന് വേണ്ടി പ്രത്യേകമായി 30 കോടി രൂപ വൈദ്യുതി ബോർഡിന്റെ റവന്യൂചെലവിൽ ഉൾക്കൊള്ളിച്ച് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ നടപ്പാക്കും.

**എല്ലാ പഞ്ചായത്തുകളിൽ ഒരു ഓഫീസ്**

ഇപ്പോൾ നിലവിലുള്ള പഞ്ചായത്തുകളിൽ പകുതിയിലേറെ പഞ്ചായത്തുകളിലും സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 624 സെക്ഷൻ ഓഫീസുകളാണുള്ളത്. സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത് സ്ഥലം അനുവദിക്കുമെങ്കിൽ കറന്റ് ബിൽ അടയ്ക്കുന്നതിനുള്ള സൗകര്യത്തോട് കൂടി

സബ് എഞ്ചിനീയർ ഓഫീസുകൾ തുറക്കും. ഇതു വഴി ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്തും.

**രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുതീകരൺ യോജന**

ഇനിയും വൈദ്യുതി എത്താത്ത ഗ്രാമപ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രസർക്കാരിന്റെ പദ്ധതിയാണിത്. പദ്ധതിയുടെ ഉദ്ഘാടനം ജൂൺ 3 ന് ബഹു:മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദൻ ഉടുമ്പൻചോലയിൽ നിർവ്വഹിച്ചു. ഒന്നാംഘട്ടത്തിൽ 221.75 കോടി രൂപ മുടക്കി ഏഴ് ജില്ലകളിൽ നടപ്പിലാക്കുന്നു.

ഈ സാമ്പത്തിക വർഷം തന്നെ എല്ലാ ജില്ലകളിലും ആർ.ജി.ജി.വി.വൈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കും. അടുത്ത രണ്ട് വർഷം കൊണ്ട് ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കി കേരളത്തിലെ വൈദ്യുതി എത്താത്ത 3,578 കരകളിലേക്ക് വൈദ്യുതി എത്തിക്കും.

**എ.പി.ഡി.ആർ.പി. നഗരപദ്ധതികൾ**

മെച്ചപ്പെട്ട വൈദ്യുതി വിതരണത്തിനും സാമ്പത്തിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 25 ശതമാനം കേന്ദ്രസർക്കാരിന്റെ ഗ്രാന്റും. 75 ശതമാനം കേന്ദ്രസർക്കാർ സ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ വഴി വായ്പയുമാണ്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്ക് പ്രത്യേകമായി അനുവദിച്ച എ.പി.ഡി.ആർ.പി. പദ്ധതികൾ ഈ വർഷം തന്നെ ആരംഭിക്കും. ഇതിന് വേണ്ടി യഥാക്രമം തിരുവനന്തപുരത്തിന് 122.39 കോടി രൂപയും കൊച്ചിക്ക് 115.13 കോടിരൂപയും, കോഴിക്കോടിന് 66.48 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശിക തീർക്കാൻ സർചാർജ് ഇളവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 14.82 കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. ഈ സ്ഥാപനങ്ങൾക്കെല്ലാം സർചാർജ്ജ് ഇനത്തിൽ 12% ഇളവ് നൽകി ഒറ്റതവണ തീർപ്പ് ആക്കുന്നതിനുള്ള സൗകര്യം നൽകും.

**അന്താരാഷ്ട്രനിലവാരത്തിലുള്ള ട്രെയിനിംഗ് സ്ഥാപനം**

ജീവനക്കാരുടെ സാങ്കേതികജ്ഞാനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സുരക്ഷാസംവിധാനങ്ങൾ മെച്ചപ്പെടുത്തി വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള ഒരു ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

**അപകടസ്ഥലങ്ങളിൽ അടിയന്തിര സഹായം എത്തിക്കുന്നതിന് ജില്ലകൾതോറും പ്രത്യേക സെല്ലുകൾ**

സംസ്ഥാനത്ത് എവിടെ അപകടങ്ങൾ ഉണ്ടായാലും അതിന് വൈദ്യുതി ബോർഡിന്റെ സേവനം ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലയിലും ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കും. കഴിഞ്ഞ ആറ് വർഷത്തെ അപകടവിവരം അനുബന്ധമായി ചേർക്കുന്നു.

**കാലവർഷക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ**

ഈ വർഷത്തെ കാലവർഷക്കെടുതിയിൽ 76 ട്രാൻസ്ഫോർമറും 15,133 പോസ്റ്റുകളും 3,265 കിലോമീറ്റർ ലൈനുകളും തകരാറിലായി. യുദ്ധകാലാടിസ്ഥാനത്തിൽ ഇവയെല്ലാം സ്ഥാപിച്ച് വൈദ്യുതിവിതരണം കാലതാമസം കൂടാതെ പുനഃസ്ഥാപിക്കാൻ സാധിച്ചത് ശ്രദ്ധേയമായ നേട്ടമാണ്.

**ഊർജ്ജ സംരക്ഷണത്തിൽ സി.എഫ്.എൽ, സോളാർ വാട്ടർ ഹീറ്റർ**

സാധാരണ ബൾബുകൾ മാറ്റി കോമ്പാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (സി.എഫ്.എൽ.) കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഗുണഫലങ്ങൾ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും. എല്ലാ ഭവനങ്ങളിലും സോളാർ വാട്ടർ ഹീറ്റർ പ്രോത്സാഹിപ്പിക്കും.

**ഹൈഡൽ ടൂറിസം വികസനം- ഹൈഡൽ മ്യൂസിയം**

ഹൈഡൽ ടൂറിസം മേഖലയിൽ റിസർവോയറിനോട് അനുബന്ധിച്ച് പുതിയ വികസന പദ്ധതികൾ നടപ്പാക്കും. ഹൈഡൽ ടൂറിസം സെന്ററിന്റെ ആഭിമുഖ്യത്തിൽ മൂന്നാർ മേഖലയിൽ ഒരു ഹൈഡൽ മ്യൂസിയം ആരംഭിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹൈഡൽ ടൂറിസം മേഖലയിൽ പ്രതിമാസം 5.3 ലക്ഷം രൂപ വരുമാനമുണ്ടായിരുന്നത് ഇപ്പോൾ പ്രതിമാസം 12.6 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. ഇത് വരുമാനത്തിൽ 238 ശതമാനം വർദ്ധനകാണിക്കുന്നു.

************************

# കുറിപ്പ്
## പുതിയ ഓഫീസുകൾ അനുവദിച്ചത്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6 പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളും 4 സബ്ഡിവിഷൻ ഓഫീസുകളും 24 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും അനുവദിച്ചിട്ടുണ്ട്. ഭൂപ്രകൃതിയും, ഉപഭോക്താക്കളുടെ എണ്ണവും സെക്ഷൻഓഫീസിന്റെ വിസ്താരവും പരിഗണിച്ചാണ് പുതിയ ഓഫീസുകൾക്ക് അനുമതി നൽകിയത്.

അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജില്ലയുടെ പേര് | | പുതിയ ഓഫീസുകൾ |
|---|---|---|
| തിരുവനന്തപുരം | 1. | മലയിൻകീഴ് ഇലക്ട്രിക്കൽ സെക്ഷൻ |
| പത്തനംതിട്ട | 1. | വെച്ചൂച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ |
| തൃശൂർ | 1. | വടക്കാഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷൻ |
| | 2 | കുന്നംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| | 3. | തളിക്കുളം ഇലക്ട്രിക്കൽ സെക്ഷൻ |
| | 4. | ദേശമംഗലം ഇലക്ട്രിക്കൽ സെക്ഷൻ. |
| | 5. | പുന്നംപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ |
| | 6. | പഴയന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| പാലക്കാട് | 1. | ആലത്തൂർ ഇലക്ട്രിക്കൽ ഡിവിഷൻ |
| | 2. | കുഴൽമന്ദം ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| | 3. | കുത്തന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| | 4. | പെരിങ്ങോട്ടുകുറിശ്ശി ഇലക്ട്രിക്കൽ സെക്ഷൻ |
| | 5. | കുന്നിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ |
| | 6. | പത്തിരിപ്പാല ഇലക്ട്രിക്കൽ സെക്ഷൻ |
| | 7. | വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷൻ |
| | 8. | മുണ്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| | 9. | കുമരംപുത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| വയനാട് | 1. | മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷൻ |
| | 2. | കൽപ്പറ്റ ഇലക്ട്രിക്കൽ സെക്ഷൻ ([illegible]-യൂണിറ്റ്) |
| | 3. | പനമരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| മലപ്പുറം | 1. | വെട്ടം ഇലക്ട്രിക്കൽ സെക്ഷൻ |
| | 2. | താനാളൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| | 3. | എ.ആർ.നഗർ (കുന്നുംപുറം) ഇലക്ട്രിക്കൽ സെക്ഷൻ |
| | 4. | കടങ്ങത്തുണ്ട് ഇലക്ട്രിക്കൽ സെക്ഷൻ |
| കോഴിക്കോട് | 1. | നാദാപുരം ഇലക്ട്രിക്കൽ ഡിവിഷൻ |
| | 2. | കുറ്റ്യാടി ഇലക്ട്രിക്കൽ സബ് ഡിവിഷൻ |
| | 3. | തൂണേരി ഇലക്ട്രിക്കൽ സെക്ഷൻ |
| | 4. | പുതുപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ |
| | 5. | പെരുമണ്ണ ഇലക്ട്രിക്കൽ സെക്ഷൻ |
| | 6. | കക്കട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ |
| | 7. | വടകര ബീച്ച് ഇലക്ട്രിക്കൽ സെക്ഷൻ |
| | 8. | തിരുവള്ളൂർ ഇലക്ട്രിക്കൽ സെക്ഷൻ |
| | 9. | അഴിയൂർ ഇലക്ട്രിക്കൽ സെക്ഷൻ |

പ്രസരണ രംഗത്ത് 2007-08 ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**220 കെ.വി സബ്സ്റ്റേഷനുകൾ (അപ്ഗ്രഡേഷൻ ഉൾപ്പെടെ)**

1. ഇടപ്പോൺ
2. വടകര
3. മലാപറമ്പ് (മലപ്പുറം)

**110 കെ.വി സബ്സ്റ്റേഷനുകൾ (അപ്ഗ്രഡേഷൻ ഉൾപ്പെടെ)**

1. പാരിപ്പള്ളി
2. അയത്തിൽ
3. പുല്ലഴി
4. ചവറ
5. കൊടുങ്ങല്ലൂർ
6. പത്തനാപുരം
7. ന്യൂവൈറ്റില
8. എരുമേലി
9. കൊഴിഞ്ഞാമ്പാറ
10. തൃക്കൊടിത്താനം
11. വാളയാർ

**66 കെ.വി. സബ്സ്റ്റേഷനുകൾ**

1. അഞ്ചൽ

**33 കെ.വി.സബ്സ്റ്റേഷനുകൾ**

1. ആദിച്ചനെല്ലൂർ
2. ആലങ്ങാട്
3. അനന്തപുരം
4. ബദിയടുക്ക
5. ബേളൂർ
6. ചുള്ളിമാനൂർ
7. കല്ലമ്പലം
8. കണ്ണൂർ ഠൗൺ
9. കാസറഗോഡ് ടൗൺ
10. കിടങ്ങൂർ
11. കൂവപ്പടി
12. കുമ്പനാട്
13. ഓച്ചിറ
14. പൈക്ക
15. പാലയ്ക്കൽ
16. പെർല
17. പൂവാർ
18. രാമപുരം
19. റാന്നിപെരിനാട്
20. തലശ്ശേരി ടൗൺ
21. എഴുകോൺ
22. തിരുനാവായ
23. തിരുവല്ലൂർ
24. തൃക്കണ്ണാപുരം
25. ഉപ്പുതറ
26. വെഞ്ഞാറമൂട്
27. ചിറ്റാടി
28. മേലടി
29. ചേലക്കര
30. മുള്ളൂർക്കര
31. തരൂർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :434 12-07-2007 ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>" കെ.ബി ഗണേഷ് കുമാർ<br>" കെ.കെ. ഷാജു | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നവരിൽ നിന്നും നേരത്തെ വൈദ്യുതി കണക്ഷൻ എടുത്തവരിൽ നിന്നും പുതിയ ക്യാഷ് ഡെപ്പോസിറ്റ് കെ.എസ്.ഇ.ബി. വാങ്ങുന്നു എന്ന ആക്ഷേപത്തിന്മേൽ വിശദാംശം വ്യക്തമാക്കുമോ; | (എ) കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005 -ലെ 13-ാം ചട്ട പ്രകാരമാണ് ക്യാഷ് ഡിപ്പോസിറ്റ് വാങ്ങുന്നത്. ഗാർഹിക ഉപഭോക്താക്കളുടെ കറന്റ് ചാർജ്ജ് വാങ്ങുന്നത് രണ്ടു മാസത്തിൽ ഒരിക്കലാണ് . ഈ ഉപഭോക്താക്കൾ രണ്ടു മാസം വൈദ്യുതി ഉപയോഗിച്ച ശേഷം മീറ്റർ റീഡിംഗ് എടുത്ത് ബിൽ തയ്യാറാക്കി നൽകി ബോർഡ് കറന്റ് ചാർജ്ജ് ഈടാക്കുമ്പോഴേയ്ക്കും ഉപഭോക്താവ് ഏകദേശം മൂന്നു മാസക്കാലം വൈദ്യുതി തുകയൊന്നും അടയ്ക്കാതെ ഉപയോഗിച്ചിരിക്കും . ഇതിന്റെ വെളിച്ചത്തിലാണ് മൂന്നു മാസത്തെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുക ക്യാഷ് ഡിപ്പോസിറ്റായി ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വാങ്ങുന്നത്. പ്രതിമാസം വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താവിൽ നിന്ന് ഇതേ അടിസ്ഥാനത്തിൽ രണ്ടു മാസത്തെ തുകയാണ് ക്യാഷ് ഡിപ്പോസിറ്റ് ആയി വാങ്ങുന്നത്. ഉപഭോക്താവിന്റെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുമ്പോഴും താരിഫ് വർദ്ധനവ് ഉണ്ടാകുമ്പോഴും പ്രതിമാസ വൈദ്യുതി ചാർജ്ജ് വർദ്ധിക്കുന്നു. ഇതിന് അനുസൃതമായി തുക കണക്കാക്കിയാണ് അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ് വാങ്ങുന്നത് . ഈ തുകയ്ക്ക് റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ പലിശ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതി ചാർജ്ജ് കൂട്ടാതെയും ക്യാഷ് ഡിപ്പോസിറ്റ് പോലുള്ള അധിക ഭാരങ്ങൾ ഏർപ്പെടുത്താതെയും വൈദ്യുതി ബോർഡിനെ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | പ്രസരണ വിതരണ നഷ്ടം കുറച്ചും, വൈദ്യുതി ചാർജ്ജ് പിരിച്ചെടുക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും, കുടിശ്ശിക പിരിച്ചെടുത്തും ചെലവുകുറഞ്ഞ ജല വൈദ്യുതി ഉല്പാദിപ്പിച്ചും, വൈദ്യുതി മോഷണം തടഞ്ഞും, ഭരണ ചെലവുകൾ കുറച്ചും , ഉയർന്ന പലിശ നിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ മാറ്റി സ്വാപ്പ് ചെയ്തും, വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരികയാണ് . ഇപ്രകാരം സാദ്ധ്യമായ എല്ലാ സാമ്പത്തിക അച്ചടക്കവും, കാര്യക്ഷമതയും വർദ്ധിപ്പിച്ച ശേഷവും , റവന്യൂ കമ്മി ഉണ്ടാകുന്നു എങ്കിൽ അയത് നികത്തുന്നതിന പരിമിതമായ തോതിലുള്ള വൈദ്യുതി ചാർജ്ജ് വർദ്ധനയോ, തത്തുല്യമായ സർക്കാർ സബ്സിഡിയോ ബോർഡിന് ലഭ്യമാക്കേണ്ടിവരും ഓരോ വർഷത്തെയും ധനകാര്യ സ്ഥിതി വിലയിരുത്തിയ ശേഷം മാത്രമേ ഇതിൽ തീരുമാനമെടുക്കാനാവൂ. ഇത് 2003 ലെ ഇലക്ട്രിസിറ്റി ആക്ടും അതിന്റെ ചട്ടങ്ങളും അനുസരിച്ചുള്ള നിബന്ധനകൾ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 435 — 12.07.2007-ൽ മറുപടിക്ക്

### മാരിടൈം അക്കാദമി

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ബി.രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.വിശ്വൻ :
ശ്രീ. പി.ടി.എ.റഹീം :

**മറുപടി**

ശ്രീ. എം വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മാരിടൈം അക്കാദമി വലിയതുറയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) | തിരുവനന്തപുരത്തും(വലിയതുറ) കാസർകോട്ടും(മഞ്ചേശ്വരം) ഓരോ മാരിടൈം അക്കാദമി സ്ഥാപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി | ഇവിടെ അക്കാദമി സ്ഥാപിക്കുന്നതിന് തദ്ദേശവാസികൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ തദ്ദേശീയരുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | ബി | വലിയതുറയിൽ തുറമുഖവകുപ്പ് വക സ്ഥലത്ത് അക്കാദമി സ്ഥാപിക്കുന്നതിന് ഒരു വിഭാഗം തദ്ദേശീയർ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ ആശങ്ക അകറ്റുന്നതിനായി തുറമുഖവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുമായും തദ്ദേശീയരുടെ പ്രതിനിധികളുമായും ചർച്ചകൾ നടന്നുവരുന്നു. |
| സി | മാരിടൈം അക്കാദമിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | സി | കഴിവതും വേഗം ആരംഭിക്കുവാനുള്ള നടപടികളാണ് എടുത്തുവരുന്നത്.പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ഡയറക്ടർ ജനറലിൽനിന്നും അനുമതി ലഭിയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് നിയമാനുസൃതനടപടികൾ പൂർത്തിയാക്കി മാരിടൈം ഇൻസ്റ്റിട്യൂട്ട് തുടങ്ങുവാനാണ് ഇപ്പോഴുള്ള തീരുമാനം. |

---

| | | | |
|---|---|---|---|
| ഡി | മാരിടൈം അക്കാദമി സ്ഥാപിക്കുന്നതിന് ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണനയിലുള്ളത് ? | ഡി | തിരുവനന്തപുരം ജില്ലയിലെ വലിയതുറ, കാസർകോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നീസ്ഥലങ്ങളാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 436 | 12.07.07-ൽ മറുപടിക്ക്

<u>പുതിയ സാങ്ച്വറികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി സാങ്ച്വറികൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണ് ; | (എ) ഉണ്ട്. കുറിഞ്ഞിമല സാങ്ച്വറി, ചൂലന്നൂർ മയിൽ സാങ്ച്വറി എന്നീ 2 സാങ്ച്വറികൾ രൂപീകരിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള, വന്യജീവി സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പുതിയ സാങ്ച്വറികൾ ഇനിയും അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോ ; | (ബി) തൽക്കാലം ഉദ്ദേശ്യമില്ല. |
| (സി) നിർദ്ദിഷ്ട സാങ്ച്വറികൾക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ താമസിക്കുന്നവരുടെ അധീനതയിലുള്ള വസ്തുക്കൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) നിർദ്ദിഷ്ട സാങ്ച്വറികളിൽ ഉൾപ്പെടുന്ന താമസക്കാരുടെ, നിയമാനുസരണം അവകാശപ്പെട്ട ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഡി) എത്ര ഏക്കർ ഭൂമിയാണ് പുതുതായി അനുവദിച്ച സാങ്ച്വറികളിലൂടെ സർക്കാരിൽ നിക്ഷിപ്തമായത് ? | (ഡി) രണ്ട് നിർദ്ദിഷ്ട സാങ്ച്വറികളിലും ഉൾപ്പെട്ടിട്ടുള്ളത് സർക്കാർ ഭൂമി മാത്രമാണ്. അതിനാൽ പുതുതായി ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 437          12.07.2007-ൽ മറുപടിയ്ക്ക്

### <u>സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.ജയരാജൻ | ശ്രീ. എ.കെ.ബാലൻ<br>ബഹു. പട്ടിക പിന്നോക്ക സമുദായ<br>ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരി ച്ചി ട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ; | (ബി) | സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ആവിഷ്കരി ച്ചിട്ടുള്ള പുതിയ പദ്ധതികൾ താഴെപ്പറയുന്നു.<br>(1) <u>കാർഷിക വായ്പാപദ്ധതി</u><br>സാമ്പത്തിക തകർച്ചയിലും വിലയിടിവിലും വിഷമിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി 6 വർഷം വരെ തിരിച്ചടവ് കാലാവധി നൽകിക്കൊണ്ടുള്ള കാർഷിക വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. 6% സാധാരണ പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെയാണ് വായ്പയായി നൽകുന്നത്.ഗുണഭോക്താക്കൾ നഗര പ്രദേശങ്ങളിൽ 55,000 രൂപയിൽ താഴെയും, ഗ്രാമപ്രദേശങ്ങളിൽ |

40,000 രൂപയിൽ താഴെയും വാർഷിക കുടുംബ വരുമാനമുള്ളവരും മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായിരിക്കണം.

**2. "സുവർണ്ണശ്രീ 'വായ്പാ പദ്ധതി**

ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനും കൃഷിഭൂമി വാങ്ങുന്നതിനും, ഇരുചക്ര വാഹനം വാങ്ങുന്നതിനും, ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും, ഭവന പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും, ബയോഗ്യാസ് പ്ളാൻറ്, ഗാർബേജ് പ്ളാൻറ് തുടങ്ങിയവ നിർമ്മിക്കുന്നതിനും, കമ്പ്യൂട്ടർ വാങ്ങുന്നതിനും, തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും സുവർണ്ണശ്രീ വായ്പാ പദ്ധതി വഴി വായ്പകൾ നൽകുന്നു. പരമാവധി 50,000/- രൂപ, തിരിച്ചടവ് കാലാവധി-6 വർഷം, 8% സാധാരണ പലിശ.

ഗുണഭോക്താക്കൾ നഗര പ്രദേശങ്ങളിൽ 55,000 രൂപയിൽ താഴെയും ഗ്രാമ പ്രദേശങ്ങളിൽ 40000 രൂപയിൽതാഴെയും വാർഷിക കുടുംബ വരുമാന മുള്ളവരും മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരായിരിക്കണം.

**(3)പ്രവർത്തന മൂലധന വായ്പ (working capital )**

ചെറുകിട വ്യവസായികൾക്കും കച്ചവടക്കാർക്കും തങ്ങളുടെ സ്വയം തൊഴിൽ സംരംഭം വിപുലീകരിക്കുന്നതിന് പ്രവർത്തന മൂലധന വായ്പയായി

50000/-രൂപവരെ 8% സാധാരണ പലിശ നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. തിരിച്ചടവ് കാലാവധി 5 വർഷം.
ഗുണ ഭോക്താക്കൾ നഗര പ്രദേശങ്ങളിൽ 55,000 രൂപയിൽ താഴെയും ഗ്രാമ പ്രദേശങ്ങളിൽ 40000 രൂപയിൽ താഴെയും വാർഷിക കുടുംബ വരുമാന മുള്ളവരും മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരായിരിക്കണം.

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ ഏതെല്ലാം പദ്ധതി കളാണ് കോർപ്പറേഷൻ നട ത്തുന്നത്; | (സി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു പിന്നോക്ക /മതന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ (NBCFDC) നിന്നും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (NMDFC) നിന്നും ലഭിക്കുന്ന വായ്പാ ധനസഹായം കേരള സർക്കാരിന്റെ ധനസഹായം, കോർപ്പറേഷന്റെ സ്വന്തം ഫണ്ട് ഇവ ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പി ലാക്കി വരുന്നത് പദ്ധതിയുടെ വിശ ദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.<br><br>***മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായി (NBCFDC യുടെ ധനസഹായ ത്തോടെ)*** |

സ്വയം തൊഴിൽ പദ്ധതി

വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ പദ്ധതി

വിദ്യാഭ്യാസ പദ്ധതി

ലഘുവായ്പാ പദ്ധതി സന്നദ്ധ സംഘടനകൾ (NGO) വഴി നൽകുന്ന വായ്പ

പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക് സ്വയം സാക്ഷം പദ്ധതി.

**മതന്യൂനപക്ഷങ്ങൾക്കായി (NMDFC യുടെ ധനസഹായത്തോടെ)**

സ്വയംതൊഴിൽ പദ്ധതി

സന്നദ്ധ സംഘടനകൾ (NGO) വഴി നൽകുന്ന ലഘു വായ്പാ പദ്ധതി

വിദ്യാഭ്യാസ പദ്ധതി

**കോർപ്പറേഷന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് മറ്റ് പിന്നോക്ക / മതന്യൂന പക്ഷ വിഭാഗങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളും നടപ്പാക്കി വരുന്നു.**

പെൺകുട്ടികളുടെ വിവാഹ സഹായ പദ്ധതി

ഉദ്യോഗസ്ഥർക്കുള്ള ഇരു ചക്ര വാഹന വായ്പാ പദ്ധതി

വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി

വിദേശത്ത് ജോലി നേടിപോകുന്നവർക്കുള്ള വായ്പാ പദ്ധതി

സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

വിദേശ വിദ്യാഭ്യാസ വായ്പ

സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള ഭവന പുനരുദ്ധാരണ വായ്പ

സുവർണ്ണശ്രീ വായ്പാ പദ്ധതി

പ്രവർത്തന മൂലധന വായ്പ

(ഡി) കാർഷിക വായ്പാ പദ്ധതി കോർപ്പറേഷൻ നടപ്പാക്കി

(ഡി) ഉണ്ട്. 2007 ജനുവരി 10 മുതൽ പുതിയ കാർഷിക വായ്പാ പദ്ധതി ആവിഷ്കരിച്ചു

| | | | |
|---|---|---|---|
| | യിട്ടുണ്ടോ; | | നടപ്പിലാക്കി വരുന്നു. |
| (ഇ) | കേരളത്തിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പദ്ധതികൾ ഏതെല്ലാമാണ്; | (ഇ) | 1.കാർഷിക വായ്പാ പദ്ധതി<br>2. 'സുവർണ്ണശ്രീ' വായ്പാ പദ്ധതി<br>3. പ്രവർത്തന മൂലധന വായ്പ (working capital) |
| (എഫ്) | ഈ പദ്ധതികളിലൂടെ എത്ര ലക്ഷം രൂപയുടെ വായ്പ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ? | (എഫ്) | കാർഷിക വായ്പാ പദ്ധതി പ്രകാരം 877 ഗുണഭോക്താക്കൾക്ക് 438 ലക്ഷം രൂപയും, സുവർണ്ണശ്രീ വായ്പാ പദ്ധതി പ്രകാരം 26 ഗുണഭോക്താക്കൾക്ക് 13 ലക്ഷം രൂപയും പ്രവർത്തന മൂലധന വായ്പ (working capital)പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് 8 ലക്ഷം രൂപയും 2007 ജനുവരി 10 മുതൽ 2007 ജൂൺ 30 വരെ വായ്പയായി നൽകി. |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 438** — **12.07.07ൽ മറുപടിയ്ക്ക്**

## മറയൂരിലെ ചന്ദന കൊള്ള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) മറയൂരിലെ ചന്ദന കൊള്ള തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഇടുക്കി ജില്ലയിൽ മൂന്നാർ ഡിവിഷനിൽ ഉൾപ്പെട്ടിരുന്ന മറയൂർ മേഖലയിൽ അനിയന്ത്രിത ചന്ദനക്കൊള്ള തടയുന്നതിന് മറയൂർ ചന്ദന മരം ഡിവിഷൻ എന്ന പേരിൽ മറയൂർ ആസ്ഥാനമാക്കി ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചു. ചന്ദനക്കാടുകൾ ചെറിയ ബ്ലോക്കുകൾ ആയി തിരിച്ച് എല്ലാ മരങ്ങൾക്കും നമ്പർ നൽകി മൊത്തമുള്ള 55,486 ചന്ദന മരത്തിന്റെയും കണക്കെടുത്തു. നിലവിലുള്ള മറയൂർ, കാന്തല്ലൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടാതെ നാച്ചിവയൽ, വണ്ണാന്തുറൈ എന്നീ സ്ഥലങ്ങളിൽ ഓരോ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചു. കുറ്റകൃത്യങ്ങളെക്കുറിച്ച് ഡിപ്പാർട്ടുമെന്റിൽ വിളിച്ചു പറയാൻ ഒരു ടോൾഫ്രീ ടെലഫോൺ കണക്ഷൻ ആരംഭിച്ചു.<br>ചന്ദനക്കൊള്ള തടയുവാൻ ചന്ദനക്കാടുകൾ ചെറിയ ബ്ലോക്കുകൾ ആയി തിരിച്ച് ജീവനക്കാരെയും വാച്ചർമാരെയും വിന്യസിച്ച് സംരക്ഷണം ഉറപ്പു വരുത്തുന്നു. ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്ത് രാത്രിയും പകലും സംരക്ഷണം ഉറപ്പു വരുത്തുന്നു. ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി 20 വന സംരക്ഷണ സമിതികൾ രൂപീകരിച്ച് ചന്ദന സംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് ആവശ്യമുള്ള ആയുധങ്ങളും ആധുനിക വാർത്താ വിനിമയ ഉപകരണങ്ങളും നല്കിയിട്ടുണ്ട്. ചന്ദന റിസർവ്വിനു ചുറ്റും 17 കി.മീ. ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തി. കൂടാതെ 8 കി.മീ. ദൂരത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതുവഴി ചന്ദനക്കള്ള |

കടത്തുകാരുടെ പെട്ടെന്നുള്ള കടന്നുകയറ്റം തടയാൻ കഴിഞ്ഞിട്ടുണ്ട്. ചന്ദനക്കൊള്ള തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദന ഫാക്ടറികൾ പൂട്ടി സീൽ ചെയ്തിട്ടുണ്ട്. ജനങ്ങളിൽ ചന്ദന സംരക്ഷണത്തിന്റെ അവബോധം വളർത്തുവാൻ ജനപങ്കാളിത്തത്തോടെ മറയൂരിൽ ചന്ദന കൺവെൻഷൻ വിജയകരമായി നടത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | ഇവിടെ വനസംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മറയൂരിലെ സ്ഥിരം വനം കൊള്ളക്കാരെ പിടികൂടുന്നതിന് സാധിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | മറയൂരിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | ഉണ്ട്. മറയൂർ എഫ്.ഡി.എ യുടെ കീഴിലായി 20 വന സംരക്ഷണ സമിതികൾ രൂപീകരിച്ചു. പങ്കാളിത്ത വന പരിപാലനത്തിലൂടെ ജനങ്ങളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പുമായി സഹകരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ സമഗ്രമായ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തദ്ദേശവാസികളായവരെ വന സംരക്ഷണത്തിനായി ദിവസക്കൂലി വാച്ചർമാരായി നിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :439      12-07-2007 ൽ മറുപടിയ്ക്ക്

## കെ.എസ്.ഇ.ബി.ക്ക് സാങ്കേതിക സഹായം നൽകുന്ന ചൈനീസ് കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്.<br>" പി.സി.വിഷ്ണുനാഥ്.<br>" തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.ക്ക് സാങ്കേതിക സഹായം നൽകുന്ന ചൈനീസ് കമ്പനി,ചൈനീസ് ഗവൺമെന്റിന്റെ ഉടമസ്ഥതയിലോ പൊതുമേഖലയിലോ പ്രവർത്തിക്കുന്ന കമ്പനിയാണോ;<br><br>(ബി) ഈ കമ്പനിയുടെ മേൽവിലാസം എന്ത്; | (എ) യും (ബി) യും ചെറുകിട ജല വൈദ്യുത പദ്ധതി വികസനം സംബന്ധിച്ച് കെ.എസ്. ഇ. ബി ക്ക് സാങ്കേതിക സഹായം നൽകിയത് ചൈനയിലെ ഹാങ്ചോ ആസ്ഥാനമായി യുനിഡോയുടെയും ചൈനീസ് ഗവർമെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനമായ "ഇന്റർ നാഷണൽ നെറ്റ് വർക്ക് ഓൺ സ്മാൾ ഹൈഡ്രോ പവർ" ആണ്. ഈ സ്ഥാപനത്തിന്റെ മേൽ വിലാസം താഴെ ചേർക്കുന്നു.<br>ഇന്റർ നാഷണൽ നെറ്റ് വർക്ക്<br>ഓൺ സ്മാൾ ഹൈഡ്രോ പവർ,<br>പി.ഒ. ബോക്സ് ,202,<br>നാൻഷാൻ റോഡ് 136,<br>ഹാങ്ചോ 310002,<br>ചൈന. |
| (സി) ചൈനീസ് കമ്പനി കെ.എസ്.ഇ.ബി. ക്ക് നൽകുന്ന സാങ്കേതിക സഹായത്തിന് എന്തെങ്കിലും പ്രതിഫലം നൽകേണ്ടതുണ്ടോ; | (സി) ചെമ്പുകടവ്-I,II ഉറുമി I,II എന്നീ പദ്ധതികൾക്കായി നൽകിയ സാങ്കേതിക സഹായത്തിന് പ്രതിഫലം നൽകിയിട്ടുണ്ട്. |
| (ഡി) ചൈനീസ് കമ്പനിയുടെ ഉദ്യോഗസ്ഥർ കേരളത്തിൽ വരുന്നതിനും അവരുടെ താമസത്തിനും കെ.എസ്.ഇ.ബി തുക ചെലവഴിക്കേണ്ടതുണ്ടോ; | (ഡി) പദ്ധതികളുടെ നിർവ്വഹണത്തിനായി നിയോഗിച്ച സാങ്കേതിക വിദഗ്ദർ കേരളത്തിൽ വന്നതിനും പോയതിനും, അവരുടെ താമസത്തിനും കെ.എസ്. ഇ. ബി തുക ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്.ഇ.ബി.ക്ക് സാങ്കേതിക സഹായം നൽകുന്ന ചൈനീസ് കമ്പനി ഉദ്യോഗസ്ഥരുടെ യാത്രച്ചെലവുകൾക്കോ താമസ സൗകര്യത്തിനോ കെ.എസ്.ഇ.ബി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) | സാങ്കേതിക വിദഗ്ദ്ധരുടെ യാത്ര ചെലവിലേയ്ക്കായി 13,44,487/- രൂപയും താമസ സൗകര്യത്തിനായി 85,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 440 12.07.2007 -ൽ മറുപടിക്ക്

<u>കേരളത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര വൈദ്യുതി വിഹിതം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു. | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര വൈദ്യുതി വിഹിതത്തിലെ അൺ അലോക്കേറ്റഡ് ഷെയർ വൈദ്യുതി എത്രയാണ്; | (എ) 2006 ഡിസംബറിനു മുൻപ് 146 mw വൈദ്യുതി കേരളത്തിന് അൺ അലോക്കേറ്റഡ് ഷെയറിൽ നിന്ന് ലഭിച്ചിരുന്നു. ഇപ്പോൾ ലഭിക്കുന്നത്- ഇതിൽ പീക്ക് സമയത്ത് 39 mw ഉം മറ്റു സമയങ്ങളിൽ 10 mw ഉം ആണ് |
| (ബി) ഇതിൽ കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | (ബി) ഉണ്ട്. 2006 ഡിസംബറിലും 2007 ജനുവരിയിലും, ഏപ്രിലിലും ആയി അൺ അലോക്കേറ്റഡ് വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ട്. ഇതിനുപുറമേ അലോക്കേറ്റഡ് വിഹിതത്തിൽ 33 MW ന്റെ കുറവും ഉണ്ടായിട്ടുണ്ട്. |

(സി) വൈദ്യുതി വെട്ടിക്കുറച്ചതു മൂലം സംസ്ഥാനം വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടോ ;

(സി) കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുന്നതുമൂലം വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് നേരിടുന്നതിന് കേരളത്തിലെ താപ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വില കൂടിയ വൈദ്യുതി ഉപയോഗിക്കേണ്ടിവരും. ഇത് കെ.എസ്.ഇ.ബി യുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കും

(ഡി) വൈദ്യുതി വിഹിതം പൂർണ്ണമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തെന്ന് വ്യക്തമാക്കുമോ ?

(ഡി) അൺ അലോക്കേറ്റഡ് വിഹിതത്തിൽ നിന്നും കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി പൂർണ്ണമായി പുന: സ്ഥാപിക്കണമെന്ന് പ്രധാനമന്ത്രിയോടും കേന്ദ്ര വൈദ്യുതി മന്ത്രിയോടും D.O. No. 56/ (M (B & SC)E) Kerala /VIP /2007 dated 26.05.07 ലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഡൽഹിയിൽ 28/6/07 ന് പ്രധാനമന്ത്രി വിളിച്ചു ചേർത്ത സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഇക്കാര്യം ശക്തമായി അഭ്യർത്ഥിക്കുകയും ചെയ്തു

സെക്ഷൻ ഓഫീസർ

ചോദ്യം. I ★ Qn. No. 440

A. K. BALAN
MINISTER FOR WELFARE OF SCHEDULED AND
BACKWARD COMMUNITIES & ELECTRICITY

TELEPHONE – Office : [illegible]
Res : 0471 2312[illegible]
2313317
Fax : 0471-235[illegible]
THIRUVANANTHAPURAM

Date: 26-05-07

***D.O.No: 56 /M(B&SC&E) Kerala/VIP/2007***

Dear Dr. Manmohan Singhji,

On behalf of Government and people of Kerala, I convey our warm greetings. I invite your kind attention to the revision of allocation of power from unallocated share from Central Generating Stations (CGS) for Southern Region. It is disheartening to note that the share to Kerala from the unallocated share from CGS located in Southern Region has been drastically reduced almost to zero.

Kerala was having a share of about 1185 MW from the CGS during December 2006 as shown below.

Table 1

| CGS stations | Installed capacity | % Allocation to Kerala (in addition to firm allocation) | Allocation to Kerala in MW from unallocated quota |
|---|---|---|---|
| Ramagundam Stage I&II | 2100 | 3.07 | 64.54 |
| MAPS | 440 | 1.04 | 4.58 |
| Kaiga | 440 | 3.58 | 15.79 |
| NLC TPS II Stage I | 630 | 1.63 | 10.27 |
| NLC TPS II Stage II | 840 | 1.61 | 13.53 |
| NLC TPS II Stage I Exp. | 420 | 4.48 | 18.82 |
| Ramagundam stage III | 500 | 3.39 | 16.95 |
| Total | | | 144.48 |

The allocation to Kerala has been reduced consecutively and the present allocation during off peak hours is as shown below.

Table 2

| CGS stations | Installed capacity | % Allocation to Kerala (in addition to firm allocation) | Allocation to Kerala in MW from unallocated quota |
|---|---|---|---|
| Ramagundam Stage I&II | 2100 | 0 | 0 |
| MAPS | 440 | 0 | 0 |
| Kaiga | 440 | 0 | 0 |
| NLC TPS II Stage I | 630 | 0 | 0 |
| NLC TPS II Stage II | 840 | 0 | 0 |
| NLC TPS II Stage I Exp. | 420 | 2.31 | 9.7 |
| Ramagundam stage III | 500 | 0 | 0 |
| Total | | | 9.7 |

During peak hours an additional 30 MW is also allocated from these stations. Up to December 2006, Kerala was receiving around 18% power from unallocated quota, which is now reduced to less than 1%.

It may please be noted that Kerala is facing acute peak power shortage. The peak requirement has already recorded a demand of 2742 MW during February '07. This is almost 200 MW more than the recorded peak during the last financial year. Trend indicates that the demand will reach at least 2800 MW this summer. Share from Central Generating Stations is very essential in order to tide over the acute peak power shortage. Also, the costliest thermal power from naphtha will have to be utilised in place of the withdrawn cheaper power from CGS, which is unaffordable for a comparatively small utility like KSEB.

If the present trend of reducing the allocation to Kerala continues, the power position in the State would go from worse to worst. In view of the above, it is requested that the allocation of power to Kerala may be restored at least to the December 2006 level as shown in Table (1) above.

Yours sincerely,

A.K. BALAN

To

**Dr. Manmohan Singh,**

**Hon'ble Prime Minister,**

**Government of India.**

Padman...

Section officer

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 441 12.07.2007-ൽ മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻെറ പ്രവർത്തനം

**ചോദ്യം**

ശ്രീ.എം.കെ.പ്രേംനാഥ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ശ്രീ.ജോസ് തെറ്റയിൽ
ശ്രീ.കെ.പി.മോഹനൻ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
ബഹു. പട്ടിക പിന്നോക്ക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻെറ പ്രധാന പ്രവർത്തന പരിപാടികൾ വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മറ്റ് പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷനിൽ നിന്നും (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (NMDFC) നിന്നും ലഭിക്കുന്ന വായ്പാ സഹായം, കേരള സർക്കാരിന്റെ ധനസഹായം, കോർപ്പറേഷന്റെ സ്വന്തം ഫണ്ട്, ഇവ ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. സ്വയം തൊഴിൽ പദ്ധതി, വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ പദ്ധതി, വിദ്യാഭ്യാസ വായ്പാ പദ്ധതി, ലഘു വായ്പാ പദ്ധതി, പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർ |

| | | | |
|---|---|---|---|
| | | | ക്കുള്ള സ്വയം സാക്ഷം വായ്പാ പദ്ധതി, പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പാ പദ്ധതി, ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി, വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി, ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി, പ്രവർത്തന മൂലധന വായ്പാ പദ്ധതി മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാർഷിക വായ്പകളും, പ്രവർത്തന മൂലധന വായ്പയും, വിവിധോദ്ദേശ വായ്പയായ സുവർണ്ണശ്രീ വായ്പയും പുതിയതായി നടപ്പിലാക്കി വരുന്നു. |
| (ബി) | കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കോർപ്പറേഷന്റെ പരിപാടികൾക്കായി നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോർപ്പറേഷന്റെ 'കർഷകശ്രീ' പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (സി) | 'കർഷകശ്രീ' എന്ന പേരിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2007 ജനുവരി 10-ാം തീയതി മുതൽ കാർഷിക വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 2007 ജൂൺ 30 വരെ 877 ഗുണഭോക്താക്കൾക്ക് 438 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ ഭാഗികമായി നടപ്പിലാക്കിയിട്ടുള്ള കമ്പ്യൂട്ടർവൽക്കരണം സമ്പൂർണ്ണമാക്കുന്നതിനും അതുവഴി മെച്ചപ്പെട്ട സേവനം ഗുണഭോക്താക്കൾക്ക് നൽകുന്നതിനെക്കുറിച്ചും ആലോചിച്ചു വരുന്നു.<br><br>കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിൽ എത്തിക്കുന്നതിനായി ബ്രാഞ്ച് ഓഫീസുകൾ ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തന്നെ ആലപ്പുഴ, പാലക്കാട് ജില്ലകളിൽ ബ്രാഞ്ച് ഓഫീസ് ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം</u>

(ബി) (തുക ലക്ഷത്തിൽ)

| വർഷം | NBCFDC | | NMDFC | | സംസ്ഥാന സർക്കാർ | | ആകെ വിനി യോഗിച്ച തുക |
|---|---|---|---|---|---|---|---|
| | ലഭിച്ച തുക | വിനിയോ ഗിച്ച തുക | ലഭിച്ച തുക | വിനി യോഗിച്ച തുക | കേരള സർക്കാ രിൽ നിന്നും ലഭിച്ച തുക | വിനിയോ ഗിച്ച തുക | |
| 2004-05 | 1500 | 1455 | 1850 | 1482 | 30 | 1806 | 4744 |
| 2005-06 | 2000 | 2397 | 1700 | 2077 | 400 | 875 | 5350 |
| 2006-07 | 2700 | 2175 | 2450 | 2470 | 450 | 1474 | 6119 |

2004-05 സാമ്പത്തിക വർഷത്തിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് 1500 ലക്ഷം രൂപ ലഭിക്കുകയും 1455 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 1850 ലക്ഷം രൂപ ലഭിക്കുകയും, 1482 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിൽ നിന്ന് 30 ലക്ഷം രൂപ ലഭിക്കുകയും ഈ കോർപ്പറേഷന്റെ സ്വന്തം ഫണ്ടും സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുമുപയോഗിച്ച് 1806 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. <u>ആകെ 22119 ഗുണഭോക്താക്കൾക്കായി 4744 ലക്ഷം രൂപ നൽകുകയുണ്ടായി.</u>

2005-06 സാമ്പത്തിക വർഷത്തിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് 2000 ലക്ഷം രൂപ ലഭിക്കുകയും 2397 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു (ചെലവഴിച്ച തുകയിൽ മുൻവർഷത്തെ ബാക്കി നിൽക്കുന്ന തുകയും കോർപ്പറേഷന്റെ സ്വന്തം ഫണ്ടും ഉൾപ്പെട്ടിട്ടുണ്ട്). ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 1700 ലക്ഷം രൂപ ലഭിക്കുകയും, 2077 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു (ചെലവഴിച്ച തുകയിൽ മുൻവർഷത്തെ ബാക്കി നിൽക്കുന്ന തുകയും കോർപ്പറേഷന്റെ സ്വന്തം ഫണ്ടും ഉൾപ്പെട്ടിട്ടുണ്ട്). സംസ്ഥാന സർക്കാരിൽ നിന്ന് 400 ലക്ഷം രൂപ ലഭിക്കുകയും ഈ കോർപ്പറേഷന്റെ

സ്വന്തം ഫണ്ടും സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുമുപയോഗിച്ച് 875 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ആകെ 26362 ഗുണഭോക്താക്കൾക്കായി 5350 ലക്ഷം രൂപ നൽകുകയുണ്ടായി.

2006-07 സാമ്പത്തിക വർഷത്തിൽ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് 2700 ലക്ഷം രൂപ ലഭിക്കുകയും 2175 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 2450 ലക്ഷം രൂപ ലഭിക്കുകയും, 2470 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിൽ നിന്ന് 450 ലക്ഷം രൂപ ലഭിക്കുകയും ഈ കോർപ്പറേഷന്റെ സ്വന്തം ഫണ്ടും സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുമുപയോഗിച്ച് 1474 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ആകെ 11171 ഗുണഭോക്താക്കൾക്കായി 6119 ലക്ഷം രൂപ നൽകുകയുണ്ടായി.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.442 — 12.7.2007-ൽ മറുപടിക്ക്

## മത്സ്യമേഖലയിൽ പുതിയ തൊഴിൽ സംരംഭം

**ചോദ്യം**

ശ്രീ.എൻ.അനിരുദ്ധൻ :

ശ്രീ.പി.തിലോത്തമൻ :

ശ്രീ.കെ.അജിത് :

ശ്രീ.എ.കെ.ചന്ദ്രൻ :

**മറുപടി**

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മത്സ്യമേഖലയിൽ പുതിയ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി എത്ര പദ്ധതികൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ; | (എ) ഉണ്ട്<br><br>1. മത്സ്യബന്ധനം ആഴക്കടലിലേക്ക് വ്യാപിപ്പിക്കുന്നതിന് 500 ലക്ഷം രൂപയുടെ പദ്ധതി.<br>2. സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് 488.50 ലക്ഷം രൂപയുടെ പദ്ധതി<br>3. മത്സ്യവിപണനത്തിന് വാഹനം നൽകുന്നതിന് 516.98 ലക്ഷം രൂപയുടെ പദ്ധതി<br>4. അലങ്കാര മത്സ്യ ഉല്പാദനയൂണിറ്റുകൾ ആരംഭിക്കുന്നതിന് 53 ലക്ഷം രൂപയുടെ പദ്ധതി<br>5. വൃത്തിയാക്കിയ പച്ചമത്സ്യ/ഉണക്കമത്സ്യ യൂണിറ്റുകൾ<br>6. കല്ലുമ്മക്കായ കൃഷിക്ക് 60 ലക്ഷം രൂപയുടെ പദ്ധതി<br>7. ഫിഷ് കിയോസ്കുകൾ തുടങ്ങുന്നതിന് 173 ലക്ഷം രൂപയുടെ പദ്ധതി<br>8.സീ ഫുഡ് കിച്ചൺ തുടങ്ങുന്നതിന് 127 ലക്ഷം രൂപയുടെ പദ്ധതി<br>9. മൂല്യവർദ്ധിത മത്സ്യം/മത്സ്യ ഉല്പന്നങ്ങളുടെ വിപണനശൃംഖലയ്ക്ക് 99.96 ലക്ഷം രൂപയുടെ പദ്ധതി<br>10. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 80 ലക്ഷം രൂപയുടെ പദ്ധതി<br>11. മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി - 8000 ലക്ഷം രൂപ തുടങ്ങിയുള്ള 20-ൽ പരം പദ്ധതികൾ. |

| | |
|---|---|
| (ബി) ഈ പദ്ധതികൾക്കായി കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തുമാത്രം സഹായമാണു പ്രതീക്ഷിക്കുന്നതെന്നു വ്യക്തമാക്കുമോ ; | (ബി)<br>1. ആഴക്കടൽ മത്സ്യബന്ധനവികസനത്തിന് കേന്ദ്രസർക്കാർ 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>2. മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട സുനാമി പുനരധിവാസ പ്രവർത്തനങ്ങൾക്ക് 182.82 കോടി രൂപയാണ് കേരളത്തിനായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 64.85 കോടി രൂപ ജീവനോപാധി സംരക്ഷണത്തിനാണ്. |
| (സി) ഈ പദ്ധതികളിലൂടെ എത്ര മത്സ്യതൊഴിലാളി കുടുംബങ്ങൾക്കു പ്രയോജനം ലഭിക്കുമെന്നു വെളിപ്പെടുത്തുമോ ? | (സി)<br>സുനാമി അടിയന്തിര സഹായ/സുനാമി പുനരധിവാസ പദ്ധതികൾ മുഖേന 25000 ത്തിലധികം കുടുംബങ്ങൾക്കും, ആഴക്കടൽ മത്സ്യബന്ധന പദ്ധതികൊണ്ട് 1250 കുടുംബങ്ങൾക്കും, സാഫ് - ന്റെ സൂക്ഷ്മസംരംഭങ്ങൾ വഴി 5200 കുടുംബങ്ങൾക്കും, മൈക്രോ ഫിനാൻസ് വായ്പാ പദ്ധതിപ്രകാരം 2,10,000 മത്സ്യതൊഴിലാളികൾക്കും പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 443-ാം നമ്പർ ചോദ്യം; 12.07.2007-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാരുടെ ഫാമിലി ബെനിഫിറ്റ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ്. എം. പുതുശ്ശേരി | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പു മന്ത്രി |
| (എ) സർക്കാർ ജീവനക്കാർക്ക് ഫാമിലി ബെനിഫിറ്റ് സ്കീം എന്നു മുതലാണ് നടപ്പിലാക്കിയത് ; | സർക്കാരിന്റെ 19.10.77 ലെ ഉത്തരവ് (അച്ചടിച്ചത്) നം. 405/77/ധന. പ്രകാരം 01.09.77 മുതൽ മുൻകാല പ്രാബല്യത്തോടെ ഫാമിലി ബനിഫിറ്റ് സ്കീം നടപ്പിലാക്കി. |
| (ബി) സ്കീമിലേക്കുള്ള മാസവിഹിതം അടയ്ക്കുന്നത് രേഖപ്പെടുത്താൻ ജീവനക്കാർക്ക് പാസ്സുബുക്കു സംവിധാനമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | പാസ്സുബുക്കു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) വിരമിക്കുന്ന ജീവനക്കാർക്ക് സ്കീമിലുള്ള തുക തിരികെ നൽകുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരിക്കാർ വിരമിച്ച് 6 മാസത്തിനുള്ളിൽ കേസ് തീർപ്പാക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് 1.1.02ൽ 02/2002/ധന. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ട്രഷറി കണക്കുകളും ബ്രോഡ്ഷീറ്റിലെ കണക്കുകളും ഒത്തു നോക്കുന്നതു ഫലപ്രദമായി നടക്കുന്നില്ലായെന്നുള്ളതു കണക്കിലെടുത്ത് ടി കീഴ്വഴക്കം ഒഴിവാക്കി, കാലതാമസം ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ; | ട്രഷറി കണക്കുകളും ബ്രോഡ്ഷീറ്റിലെ കണക്കുകളും ഒത്തുനോക്കാതെ തുക വരിക്കാർക്ക് നൽകുന്നത് ആശാസ്യമല്ല. എന്നാൽ കുടുംബസഹായനിധി തീർപ്പാക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവം മൂലം ട്രഷറി കണക്കുകളുമായുള്ള ഒത്തുനോക്കൽ സാധ്യമാകാത്ത സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കാനായി, വരിക്കാരനിൽ നിന്നും 100 രൂപ മുദ്രപ്പത്രത്തിൽ ഒരു ഇൻഡമ്നിറ്റി ബോണ്ടും ഒപ്പം ഓഫീസ് മേധാവി/ശമ്പളം വാങ്ങി വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്നും രേഖകൾ നഷ്ടപ്പെട്ടു എന്നതിനുള്ള സർട്ടിഫിക്കറ്റും വാങ്ങി, തുക നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) ഇടയ്ക്കുള്ള ഏതെങ്കിലും മാസത്തിലോ, മാസങ്ങളിലോ വേണതുകയടയ്ക്കുവാൻ കഴിയാതെ വന്നാൽ സ്കീമിൽ നിന്നുതന്നെ നിഷ്കാസിതരാകുന്ന ദുരവസ്ഥ പരിഹരിക്കത്തക്ക നിലയിൽ വേണ തുക കുടിശ്ശികയായി സ്വീകരിക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ? | തുടർച്ചയായി 6 മാസം വരിസംഖ്യ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന വരിക്കാർ മാത്രമേ 1.7.2000 ലെ സ.ഉ.(പി) 997/2000/ധന. പ്രകാരം സ്കീമിൽ നിന്നും നിഷ്കാസിതരാകുന്നുള്ളൂ. എന്നിരുന്നാലും പ്രസ്തുത ഉത്തരവിൽ ഇളവു വരുത്തി കുടിശ്ശിക അടച്ച് പദ്ധതിയിൽ തുടരുന്നതിന് താല്പര്യമുള്ളവർക്ക് സർക്കാർ അനുമതി നൽകിവരുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 444 — 12.07.07-ൽ മറുപടിയ്ക്ക്

<u>വനംവകുപ്പിലെ പരിഷ്കരണവും പുതിയ പദ്ധതികളും</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വനം വകുപ്പിൽ എന്തെല്ലാം പുതിയ പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | (എ) സംസ്ഥാനത്തെ വന വിസ്തൃതി വർദ്ധിപ്പിക്കുകയും, വൃക്ഷാവരണം ദേശീയ ലക്ഷ്യമായ 33 ശതമാനത്തിലെത്തിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് വനം വകുപ്പ് പ്രവർത്തിച്ചു വരുന്നത്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് ആവശ്യമായ ഒട്ടേറെ പരിഷ്കാരങ്ങളും പ്രവർത്തനങ്ങളും വനം വകുപ്പിൽ നടത്തി വരികയാണ്. ഇതിനനുസൃതമായി വനം വകുപ്പിൽ പുതിയ സംസ്ഥാന വനനയം രൂപം കൊടുത്തു വരികയാണ്. വനം വകുപ്പിലെ പുതിയ പദ്ധതികളും പരിഷ്കാരങ്ങളും, പരിഗണനയിലുള്ള പുതിയ സംസ്ഥാന വനനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനമാക്കി നടപ്പിലാക്കുന്നതാണ്. ചന്ദനം സംസ്കരിക്കുന്നതിനുള്ള അവകാശം സർക്കാരിനു മാത്രമാക്കി, മറയൂരിൽ ഒരു ചന്ദനത്തൈല ഫാക്ടറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇപ്പോഴുള്ള സംവിധാനത്തിനു കീഴിൽ സംസ്ഥാനത്തെ വനങ്ങളുടെ സമഗ്ര സംരക്ഷണത്തിനായി ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാനും ചന്ദനക്കൊള്ള ഉൾപ്പടെയുള്ള വനം കുറ്റങ്ങൾ തടയുന്നതിനും ശക്തമായ |

വനങ്ങളിലെ പ്രശ്നപരിഹാരത്തിനും സഹകരണത്തിനുമായി സംസ്ഥാനാന്തർ ബന്ധവും ആശയവിനിമയവും ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ടുപയോഗിച്ച് മറയൂർ മേഖലയിലെ ചന്ദനക്കാടുകൾ സംരക്ഷിക്കുന്നതിനും, കോഴിക്കോട് ഡിവിഷനിലെ വനങ്ങൾ ചുറ്റപ്പെട്ടു കിടക്കുന്ന കൃഷിഭൂമികൾ, വനത്തിനോടു ചേർന്നുകിടക്കുന്ന രീതിയായി വന്യമൃഗങ്ങളിൽ നിന്നും കൃഷിനാശം സംഭവിക്കുന്ന ഭൂമികൾ മുതലായവ സ്വകാര്യ വ്യക്തികളിൽനിന്നും വിലയ്ക്കുവാങ്ങി വനത്തോടു കൂട്ടിച്ചേർത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്ന ഒരു പദ്ധതിയും രൂപം നൽകിയിട്ടുണ്ട്. തടിയുടെ ചില്ലറ വില്പന വനം വകുപ്പിന്റെ എല്ലാ തടി ഡിപ്പോകൾ വഴിയും നടത്തുന്ന കാര്യം പരിഗണിച്ചു വരികയാണ്. നിലവിലുള്ള തടി വില്പന സമ്പ്രദായത്തിൽ നിന്നും ഗുണകരമായ മാറ്റം ഇതിനുണ്ടാകും.

(ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി പ്രതിവർഷം എന്തു അധികച്ചെലവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.445 — 12.7.2007-ൽ മറുപടിയ്ക്ക്

## സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ :<br>പ്രൊഫ.കെ.വി.തോമസ് :<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സുനാമി പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ലഭിച്ച 1441 കോടി രൂപയിൽ ഫിഷറീസ് മേഖലയിൽ ഇതുവരെ എത്ര രൂപ എന്തെല്ലാം കാര്യങ്ങൾക്ക് ചെലവഴിച്ചുവെന്നും ഈ തുക എന്ന് തീയതിക്ക് മുമ്പാണ് ചെലവഴിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കുമോ ; | (എ) സുനാമി പുനരധിവാസ പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെട്ട ആകെ 1441 കോടി രൂപയിൽ ഫിഷറീസ് വകുപ്പ് മുഖേന ചെലവഴിക്കാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് 64.66 കോടി രൂപയാണ്. ഇതിൽ 15.24 കോടി രൂപ വിവിധ ഏജൻസികൾക്കായി നൽകിക്കഴിഞ്ഞു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെലവഴിക്കേണ്ട 97 കോടി രൂപയിൽ 16 കോടിയോളം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ തുക ഉപയോഗിച്ച് എത്ര വീടുകളാണ് നിർമ്മിക്കേണ്ടതെന്നും അതിൽ എത്ര വീടുകൾ ഇതുവരെ നിർമ്മിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) വകുപ്പിനനുവദിച്ച മേൽ തുക ഉപയോഗിച്ച് ഭവനനിർമ്മാണം നടത്തുന്നില്ല. ജീവനോപാധി സംരക്ഷണവും ഹാർബർ നവീകരണവും മാത്രമാണ് നടത്തുന്നത്. |
| (സി) സുനാമി ബാധിത പ്രദേശങ്ങളിലെ ആശുപത്രി നവീകരണം നടത്താൻ എന്നു തീരുമാനിച്ചു ; ഇതുവരെ ഇക്കാര്യത്തിൽ എന്തു നടപടി യെടുത്തു ? | (സി) സുനാമി ബാധിതപ്രദേശങ്ങളിലെ ആശുപത്രി നവീകരിക്കുന്നതിനും കേരളതീരത്ത് ഒരു സമഗ്ര തീരദേശ ആരോഗ്യപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി റ്റി.ആർ.പി. യിൽ 73 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഇതിനായി തയ്യാറാക്കിയ പദ്ധതിക്ക് സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരമായി. കേന്ദ്രപ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 446 | 12.7.2007 ൽ മറുപടിക്ക്

കൊപ്ര, വെളിച്ചെണ്ണ എന്നിവയെ 'വാറ്റി'ൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി. എഫ്. തോമസ്<br>പ്രൊഫ. എൻ. ജയരാജ് | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) കൊപ്ര, വെളിച്ചെണ്ണ എന്നിവയെ വാറ്റിൽ നിന്ന് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) കൊപ്ര, വെളിച്ചെണ്ണ എന്നിവയെ വാറ്റിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു. |
| (ബി) ഇക്കാര്യത്തിൽ മുൻകാലപ്രാബല്യത്തോടെയുള്ള ഇളവ് നൽകുമോ? | (ബി) വെളിച്ചെണ്ണയ്ക്ക് 1.5.2007 മുതലും കൊപ്രയ്ക്ക് 1.6.2007 മുതലും പ്രാബല്യം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.447 | 12.7.2007 - ൽ മറുപടിക്ക്

## നിർമ്മിതി കേന്ദ്രം

ചോദ്യം | ഉത്തരം

ശ്രീ.തോമസ് ചാഴിക്കാടൻ:
ശ്രീ.ജോസഫ് എം.പുതുശ്ശേരി
ശ്രീ.റോഷി അഗസ്റ്റിൻ:

ശ്രീ.ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

എ) നിർമ്മിതി കേന്ദ്രം ഒരു സർക്കാർ സംരംഭമാണോ;

എ) അതെ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഒരു പൊതുമേഖലാ സ്ഥാപനമാണ്

ബി) ഇത് എന്നാണ് രൂപീകരിച്ചത്; ആയതിന്റെ ഉദ്ദേശ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

ബി) 1989 - ൽ

ഉദ്ദേശ ലക്ഷ്യങ്ങൾ

1. ഭവന നിർമ്മാണ രംഗത്ത് നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുന്ന ഒരു മൗലിക സ്ഥാപനമായി പ്രവർത്തിക്കുക.

2. ജില്ലാ തലത്തിലുള്ള നിർമ്മിതി കേന്ദ്രങ്ങളുടെയും ഇതുമായി യോജിച്ചു പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക.

3. ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ - അർദ്ധ സർക്കാർ- സർക്കാരിതര സംഘടനകളുമായും പ്രവർത്തനങ്ങളിൽ പരസ്പര സഹകരണത്തോടെ പങ്കെടുത്ത് കെട്ടിട നിർമ്മാണ മേഖലയിലെ പ്രായോഗികതലങ്ങൾ ഉറപ്പിക്കുക.

4. കാലകാലങ്ങളിൽ ഉയർന്നുവരാറുള്ള തത്വങ്ങളെയും ഭവന നിർമ്മാണ സങ്കല്പങ്ങളെയും കുറിച്ച് സർക്കാരിന് ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകുക.

5. സർക്കാർ- അർദ്ധസർക്കാർ ഏജൻസികൾക്കും സന്നദ്ധസംഘടനകൾക്കും കെട്ടിട നിർമ്മാണ മേഖലയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ പ്രദാനം ചെയ്യുന്ന ഡാറ്റാ ബാങ്കായി പ്രവർത്തിക്കുക

6 ജില്ലാതലത്തിലുള്ള വിവിധ നിർമ്മിതി കേന്ദ്രങ്ങളി-ലൂടെയോ, അവയിൽ അംഗമായിട്ടുള്ളതോ സഹകരിക്കുന്നതോ ആയ മറ്റ് ഏജൻസികളി-ലൂടെയോ അനുയോജ്യമായി സാങ്കേതികവിദ്യ പ്രചരിപ്പിക്കുക.

7. ഭവന നിർമ്മാണ ഗവേഷണത്തിലെ ഏറ്റവും പുതിയ വിവരങ്ങൾ സ്വാംശീകരിച്ചുകൊണ്ട് സംസ്ഥാന നിർമ്മിതി കേന്ദ്രങ്ങൾ നടത്തുന്ന പരിശീലന പരിപാടികളിലെ കോഴ്സിന്റെ ഉള്ളടക്കവും സിലബസും രൂപകൽപ്പന ചെയ്യുകയും നവീകരിക്കുകയും ചെയ്യുക.

8. പരമ്പരാഗത നിർമ്മാണ വിദ്യയുടെയും പൗരസ്ത്യ വാസ്തു ശില്പകലയുടെയും നവീനവും ചെലവു കുറഞ്ഞതുമായ നിർമ്മാണ വിദ്യകളുടെയും നവീകരണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുക.

9. ക്രമപ്പെടുത്തിയ പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ വസ്തുക്കൾ നിർമ്മിക്കാനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. ജില്ലാതല നിർമ്മിതി കേന്ദ്രങ്ങളുടെ റിസോഴ്സ് പേഴ്സണലായി പ്രവർത്തിക്കുന്ന പരിശീലകർക്ക് പരിശീലനം നൽകുന്നതിലൂടെയും പരിശീലന-കളരികളും സെമിനാറുകളും ചർച്ചാ യോഗ-ങ്ങളും സംഘടിപ്പിക്കുന്നതിലൂടെയും കെട്ടിട നിർമ്മാണ മേഖലയിൽ മനുഷ്യവിഭവ വികസന പരിപാടികൾ നടപ്പിൽ വരുത്തുക.

11. ജില്ലാതല കേന്ദ്രങ്ങളെ ഉൾപ്പെടുത്തി കെട്ടിടങ്ങളുടെ വിശിഷ്യാ പൊതുകെട്ടിടങ്ങളുടെ നിർമ്മാണം ചെലവുകുറഞ്ഞതും നവീനവുമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടത്തുക.

12. കെട്ടിട നിർമ്മാണ മേഖലയിൽ വരുമാനമുണ്ടാക്കാവുന്ന പ്രവർത്തികളിലേർപ്പെടുത്തി ചെറുപ്പക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ- അർദ്ധസർക്കാർ സ്ഥാപനങ്ങൾ കമേഴ്സ്യൽ ബാങ്കുകൾ എന്നിവയുടെ സ്വയം തൊഴിൽ പദ്ധതിയെ സംസ്ഥാനത്തെ ഭവന നിർമ്മാണാവശ്യങ്ങളുമായി സംയോജിപ്പിക്കുക.

13. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നേരിട്ടോ, ജില്ലാതല കേന്ദ്രങ്ങൾ വഴിയോ നടപ്പിലാക്കാവുന്ന സവിശേഷമായ അറിവും പ്രാഗല്ഭ്യവും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുക.

14. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകൾക്ക് ആവശ്യമായ വിദഗ്ദോപദേശം നൽകുക.

15. ഭവന നിർമ്മാണ - അനുബന്ധ മേഖലകളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക മുതലായവ.

| | | | |
|---|---|---|---|
| സി) | പ്രസ്തുത സ്ഥാപനത്തിന് എത്ര വിഭാഗങ്ങളും ശാഖകളും പ്രവർത്തിക്കുന്നുണ്ട്; അവ ഏതൊക്കെയാണ്; | സി) | തിരുവനന്തപുരത്ത് പി.റ്റി.പി.നഗറിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് ഓഫീസ് കൂടാതെ 11 ജില്ലകളിലായി 15 റീജിയണൽ നിർമ്മിതി കേന്ദ്രങ്ങളുണ്ട്. അവ താഴെ പറയുന്നവയാണ്.<br>1. റീജിയണൽ നിർമ്മിതി കേന്ദ്രം, വട്ടിയൂർക്കാവ്, തിരുവനന്തപുരം.<br>2.ലാറിബേക്കർ നിർമ്മിതി ട്രയിനിംഗ് ആന്റ് റിസർച്ച് സെന്റർ, വട്ടിയൂർക്കാവ്. തിരുവനന്തപുരം.<br>3. റീജിയണൽ നിർമ്മിതി കേന്ദ്രം. ബാർട്ടൺഹിൽ, തിരുവനന്തപുരം.<br>4.റീജിയണൽ നിർമ്മിതി കേന്ദ്രം, കൊട്ടാരക്കര<br>5.റീജിയണൽ നിർമ്മിതി കേന്ദ്രം, അടൂർ<br>6.റീജിയണൽ നിർമ്മിതി കേന്ദ്രം, തിരുവല്ല |

7. റീജിയണൽ നിർമ്മിതി കേന്ദ്രം, ചെട്ടികുളങ്ങര
8. റീജിയണൽ നിർമ്മിതി കേന്ദ്രം, എറണാകുളം
9. റീജിയണൽ നിർമ്മിതി കേന്ദ്രം, കോട്ടയം
10. റീജിയണൽ നിർമ്മിതി കേന്ദ്രം, പാല
11. റീജിയണൽ നിർമ്മിതി കേന്ദ്രം, മുട്ടം
12. റീജിയണൽ നിർമ്മിതി കേന്ദ്രം, കോഴിക്കോട്
13. റീജിയണൽ നിർമ്മിതി കേന്ദ്രം, വയനാട്
14. റീജിയണൽ നിർമ്മിതി കേന്ദ്രം, തൃശ്ശൂർ
15 റീജിയണൽ നിർമ്മിതി കേന്ദ്രം, പാലക്കാട്

താഴെ പറയുന്ന സെൻററുകളിൽ പ്രൊഡക്ഷൻ സെൻററുകളും പ്രവർത്തിക്കുന്നുണ്ട്.

1. റീജിയണൽ നിർമ്മിതി കേന്ദ്രം, വട്ടിയൂർക്കാവ്
2. റീജിയണൽ നിർമ്മിതി കേന്ദ്രം, അടൂർ
3. റീജിയണൽ നിർമ്മിതി കേന്ദ്രം, കോട്ടയം
4. റീജിയണൽ നിർമ്മിതി കേന്ദ്രം, എറണാകുളം
5. റീജിയണൽ നിർമ്മിതി കേന്ദ്രം, ചെട്ടികുളങ്ങര
6. റീജിയണൽ നിർമ്മിതി കേന്ദ്രം, പാല
7. റീജിയണൽ നിർമ്മിതി കേന്ദ്രം, പാലക്കാട്

| | | | |
|---|---|---|---|
| ഡി) | സർക്കാർ ഗ്രാൻറായി പ്രതിവർഷം എന്തു തുക നിർമ്മിതി കേന്ദ്രത്തിനു നൽകുന്നുണ്ട്; | ഡി) | നടപ്പു സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളുടെ പ്രവർത്തനത്തിനായി 220 ലക്ഷം രൂപ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ഇ) | നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തന മൂലധനം എത്രയാണെന്നും ആയത് എവിടെ നിന്നാണ് സ്വരൂപിച്ചതെന്നും വിശദമാക്കുമോ; | ഇ) | പ്രവർത്തനമൂലധനം 70 ലക്ഷം രൂപയാണ്. നിർമ്മിതി കേന്ദ്രത്തിൻെറ ഇന്നേവരെയുള്ള പ്രവർത്തനത്തിൽ കൂടെയുള്ള ലാഭം സ്വരൂപിച്ച ധനമാണ് പ്രവർത്തന മൂലധനമായി ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. |
| എഫ്) | നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത് സർക്കാരാണോ; വിശദമാക്കുമോ? | എഫ്) | നിർമ്മിതി കേന്ദ്രത്തിൻെറ നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത് ബഹുമാനപ്പെട്ട ഭവനനിർമ്മാണ വകുപ്പു മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡിയാണ്. ഇതിൻെറ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ഭവന നിർമ്മാണ വകുപ്പു സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 448 | 12.07.07ൽ മറുപടിയ്ക്ക് |
|---|---|

## ചന്ദന മാഫിയകളെ അമർച്ച ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | ചന്ദന മാഫിയകളെ അടിച്ചമർത്തുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | ചന്ദന റിസർവ്വുകളെ ചെറിയ ബ്ലോക്കുകളായി തിരിച്ച് ജീവനക്കാരെയും കൂടുതൽ ദിവസക്കൂലി വാച്ചർമാരെയും വിന്യസിച്ച് പകലും രാത്രിയും വന സംരക്ഷണം ഉറപ്പുവരുത്തുന്നു. കൂടാതെ വി.എസ്.എസ് അംഗങ്ങളുടെ സേവനവും ഉപയോഗിക്കുന്നു. സ്റ്റാഫിന് കൂടുതൽ ആയുധവും ആധുനിക വാർത്താ വിനിമയ ഉപകരണങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. രാത്രിയും പകലും പട്രോളിംഗ് നടത്തി വന സംരക്ഷണം ഉറപ്പുവരുത്തുന്നു. ദുർഘടമായ സ്ഥലങ്ങളിൽ ക്യാമ്പ് ഷെഡ് സ്ഥാപിച്ച് സ്റ്റാഫുകളെയും വാച്ചർ മാരെയും വിന്യസിച്ച് നിരീക്ഷണം നടത്തുന്നു. തമിഴ്നാട് വനം വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന അതിർത്തിയിലൂടെയുള്ള ചന്ദന കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനാന്തര കുറ്റവാളികളെ പിടികൂടുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (ബി) | അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഫോറസ്റ്റ്, പോലീസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംസ്ഥാനാന്തര കുറ്റവാളികളെ പിടികൂടുന്നുണ്ട്. 2007 മേയ് മാസത്തിൽ ആന്ധ്രാപ്രദേശിലെ അനന്ത്പൂർ ജില്ലയിലെ ബസ്സപ്പള്ളിയിൽ നിന്നും രണ്ട് സംസ്ഥാനാന്തര കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ദക്ഷിണേന്ത്യൻ വനം വകുപ്പ് മന്ത്രിമാരുടെ യോഗം 3.11.06, 4.11.06 തീയതികളിൽ ബഹു. വനം വകുപ്പു മന്ത്രി തിരുവനന്തപുരത്ത് വിളിച്ചു ചേർക്കുകയും വന സംരക്ഷണത്തിന് കൂട്ടായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ചന്ദന സംരക്ഷണം അതിലൊരു പ്രധാന തീരുമാനമാണ്. കൂടാതെ ചെന്നൈയിലും ബാംഗ്ലൂരിലും വെച്ച് മന്ത്രിതല ചർച്ചകളും നടത്തുകയുണ്ടായി. |
| (സി) | മറയൂരിൽ ചന്ദനക്കടത്ത്, മരംമുറിക്കൽ എന്നിവ തടയുന്നതിന് കഴിഞ്ഞ ഒരു | (സി) | മറയൂരിലെ ചന്ദന റിസർവ്വുകളെ ചെറിയ പ്രൊട്ടക്ഷൻ ബ്ലോക്കുകളായി തിരിച്ച് ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും വാച്ചർമാരുടെയും സഹായത്താൽ പട്രോളിംഗ് ശക്ത |

| | | | |
|---|---|---|---|
| | വർഷക്കാലം സ്വീകരിച്ച നടപടികളും തന്മൂലമുണ്ടായ നേട്ടങ്ങളും വിശദമാക്കുമോ ; | | മാക്കി രാത്രിയും പകലും നിരീക്ഷണം നടത്തുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്ക് 61 കേസുകളിലായി 210 പ്രതികളിൽ 127 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കൂടാതെ ടി കേസിൽ ഉൾപ്പെട്ട 1305 കി.ഗ്രാം ചന്ദനവും 5 വണ്ടികളും വനം വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. രണ്ട് ചന്ദന റിസർവ്വുകളിൽ NSRI, KSR II എന്നിവയിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് പൂർത്തിയായി. ഇതു വഴി ചന്ദനക്കടത്തുകാരുടെ പെട്ടെന്നുള്ള കടന്നുകയറ്റം ഒഴിവാക്കാൻ കഴിഞ്ഞു. ഒന്നിൽ കൂടുതൽ ചന്ദനകേസിൽ പ്രതികളായവരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനായി പോലീസ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി മുമ്പ് പ്രതിദിനം 7 ചന്ദനമരങ്ങൾ നഷ്ടപ്പെട്ടിരുന്ന സ്ഥാനത്ത് പ്രതിദിനം 0.20 മരങ്ങളായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | മറയൂരിൽ വനപാലകർക്കു നേരെയുണ്ടായ അതിക്രമങ്ങൾ തടയുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ; | (ഡി) | 2006 ഡിസംബർ മാസത്തിൽ മറയൂർ റെയിഞ്ചിൽ ഫോറസ്റ്റ് ഗാർഡിനെ ആക്രമിച്ചതിന് പ്രതിയുടെ പേരിൽ മറയൂർ പോലീസ് കേസ്സെടുത്ത് അന്വേഷിച്ചു വരുന്നു. 2007 ജൂൺ മാസത്തിൽ ഫോറസ്റ്റ് ഗാർഡ് ശ്രീ. ജോമോൻ തോമസിനെ വെട്ടി പരിക്കേൽപ്പിച്ച പ്രതികളെ മറയൂർ പോലീസ് അറസ്റ്റു ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | മറയൂരിലെ വനപാലകരുടെ സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ ? | | മറയൂരിലെ വനപാലകർക്ക് താമസിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ മറയൂരിലെ സംരക്ഷണ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 449. 12.07.2007 ൽ മറുപടിക്ക്**

### വിഭവസമാഹരണത്തിന്റെ പുരോഗതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | *ശ്രീ. പി.സി. ജോർജ്ജ്* | *ബഹു: ധനകാര്യ വകുപ്പുമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്* |
| എ. | 2007-2008 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭാഗം മൂന്നിൽ വിഭവ സമാഹരണത്തിനായി നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | വിലയിരുത്തിയിട്ടുണ്ട്. ഇതിൽ വാണിജ്യനികുതി വകുപ്പുമായി ബന്ധപ്പെട്ട അധിക വിഭവസമാഹരണ നിർദ്ദേശങ്ങളിൽ ഖണ്ഡിക 185, 188 എന്നിവയൊഴികെയുള്ളവ നടപ്പിൽ വരുത്തിക്കഴിഞ്ഞു. 185, 188 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ വേണ്ടെന്നുവയ്ക്കാൻ തീരുമാനിച്ചു. രജിസ്ട്രേഷൻ വകുപ്പ്, മോട്ടോർ വെഹിക്കിൾ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും 2007 ലെ ഫൈനാൻസ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനെ നവീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുകഴിഞ്ഞു. |
| ബി. | ബഡ്ജറ്റ് നിർദ്ദേശങ്ങൾ നിലവിൽ വന്ന് നാല് മാസം പൂർത്തിയാക്കുമ്പോൾ വിഭാവനം ചെയ്യുന്നതിന്റെ ഒരു ഭാഗം നടപ്പിലായിരിക്കണം എന്നത് പരിഗണിച്ച് വിവിധ ഡിപ്പാർട്ട്മെന്റുകളുടെ വിഭവ സമാഹരണം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ ; | വിലയിരുത്തിയിട്ടുണ്ട്. |
| സി. | ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 450 — 12-7-2007 ൽ മറുപടിയ്ക്ക്.

വൺറാങ്ക് വൺപെൻഷൻ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വർക്കല കഹാർ | ഡോ: റ്റി.എം. തോമസ് ഐസക്ക്<br>ധനകാര്യ വകുപ്പ് മന്ത്രി. |
| (എ) | ഗവൺമെൻറ് സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞവർക്ക് 'വൺറാങ്ക് വൺപെൻഷൻ' പദ്ധതി നടപ്പിലാക്കുമോ ; എങ്കിൽ എന്നുമുതൽ ; | 'പെൻഷണർ അവസാനം വാങ്ങിയ ശമ്പളത്തിൻെറ പുതുക്കിയ നിരക്കിൻെറ 50% പെൻഷൻ' എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ ശമ്പളക്കമ്മീഷൻ ശുപാർശ അനുസരിച്ച് 18..4..2006 ലെ ജി.ഒ.(പി)നം.180/06/ധന എന്ന പെൻഷൻ പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് 1..4..2005 മുതൽ സാമ്പത്തിക പ്രാബല്യം ഉണ്ട്. |
| (ബി) | ഇതനുസരിച്ച് പെൻഷൻ റീഫിക്സ് ചെയ്ത് വിതരണം ചെയ്യുവാനുളള കാലതാമസത്തിന് കാരണമെന്ത് ; | പെൻഷൻ ബുക്ക് നിലവിൽ വരുന്നതിനു മുമ്പ് സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിരമിച്ച സമയത്തെ ഉദ്യോഗപ്പേര്, ശമ്പള സ്കെയിൽ, ക്വാളിഫൈയിംഗ് സർവ്വീസ് എന്നീ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് കാലതാമസത്തിനു കാരണം. 1..1..1990 ന് മുമ്പ് വിരമിച്ചവരുടെ പെൻഷൻ മുൻഗണനാ ക്രമത്തിൽ നൽകുന്നതിനുളള നടപടി അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ) കേരള യുടെ ഓഫീസിൽ കൈക്കൊണ്ടിട്ടുണ്ട്. |

*(തുടരും)*

| | | |
|---|---|---|
| (സി) | കാല താമസം ഒഴിവാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; നിശ്ചിത തീയതിയ്ക്കകം പെൻഷൻ റീഫിക്സ് ചെയ്ത് കൊടുത്തിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലാത്ത പക്ഷം നിശ്ചിത തീയതിയ്ക്കകം എല്ലാവരുടേയും പെൻഷൻ റീഫിക്സ് ചെയ്തു കൊടുക്കണമെന്ന് നിർദ്ദേശിക്കുമോ? | പെൻഷൻ പരിഷ്ക്കരണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലെ ഉദ്യോഗസ്ഥരുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ചർച്ചകൾ ഇടയ്ക്കിടെ നടത്താറുണ്ട്. കൂടാതെ പെൻഷൻ പരിഷ്ക്കരണ ജോലിയുടെ മേൽനോട്ടം വഹിക്കാനായി ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 1990 ന് മുൻപ് വിരമിച്ചവരുടെ പെൻഷൻ പരിഷ്ക്കരണം സെപ്റ്റംബറിനകവും ബാക്കിയുള്ള മുഴുവൻ പരിഷ്ക്കരണവും ഈ വർഷം അവസാന ത്തോടെയും പൂർത്തീകരിക്കാമെന്ന് അക്കൗണ്ടന്റ് ജനറൽ ഉറപ്പു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

12